# വേദ ദർശനം




## ലൗ ജിഹാദ്: കൊടുത്താൽ തിരിച്ചുകിട്ടും!

## മതേതര ഇന്ത്യയിൽ മതന്യൂനപക്ഷങ്ങളുടെ പങ്ക്



## മൗലവി ചേകനൂരിന്റെ സർവമത സത്യവാദം ഖുർആനിൽ

പ്രസിഡന്റിന്റെ സന്ദേശം



# ഇത് സത്യ ദർശനം



പുതിയൊരു വർഷത്തെക്കൂടി നാം വരവേൽക്കുന്ന ഈ വേളയിൽ വേദ ദർശനം നിങ്ങളുടെ കൈകളിലെത്തുകയാണ്. മൗലവി ചേകനൂരിന്റെ നേതൃത്വത്തിൽ രൂപം കൊണ്ട ഖുർആൻ സുന്നത്ത് സൊസൈറ്റിക്ക് കാൽ നൂറ്റാണ്ട് തികയുന്ന വർഷം കൂടിയാണിത്. നിരീക്ഷണം, അൽ ബുർഹാൻ, ഖുർആൻ ദർശനം എന്നീ പേരുകളിൽ മുമ്പിറങ്ങിയ മാസികകളുടെ പ്രവർത്തനം പല കാരണങ്ങളാൽ നിലച്ചു. ഇക്കാലത്ത് ഒരു പ്രസിദ്ധീകരണം നടത്തിക്കൊണ്ടുപോവുകയെന്നത് ഭഗീരഥ പ്രയത്നം തന്നെയാണ്. എങ്കിലും ആ വെല്ലുവിളി ഏറ്റെടുത്തു എളിയനിലയിൽ ഇവിടെ തുടക്കം കുറിക്കുകയാണ്. അവകാശവാദങ്ങൾ ഏറെയില്ല. പരിമിതികൾക്കുള്ളിൽ നിന്നു ചെയ്തതുകൊണ്ട് പോരായ്മകളുണ്ടാവാം. എങ്കിലും ആവുന്നത്ര കുറ്റമറ്റതാക്കാൻ ശ്രമിച്ചിട്ടുണ്ട്. വിലയിരുത്തേണ്ടത് നിങ്ങളാണ്. മേൽ സൂചിപ്പിച്ച മാഗസിനുകളുടെ ഗതി വേദ ദർശനത്തിന് ഉണ്ടാവില്ലെന്ന് നമുക്ക് ഉറച്ചു വിശ്വസിക്കാം. ഇച്ഛാശക്തി ഒന്നുമാത്രമാണ് ഞങ്ങളെ നയിക്കുന്നത്. നിങ്ങളുടെ ഏവരുടെയും സഹകരണവും പിന്തുണയുമുണ്ടെങ്കിൽ നമുക്കിവിടെ പലതും മാറ്റിമറിക്കാനാവും.

എതായാലും ഒരു കാര്യം ഉറപ്പ്. വ്യക്തികളെ തേജോവധം ചെയ്യാനും മാന്യമല്ലാത്ത പദപ്രയോഗങ്ങളിലൂടെ മറ്റുള്ളവരുടെ വെറുപ്പ് സമ്പാദിക്കാനും വേദ ദർശനത്തിന്റെ താളുകൾ ഉപയോഗിക്കില്ല. ആർക്കെങ്കിലും നേരെ വിമർശനം വേണ്ടിവരുന്ന സന്ദർഭങ്ങളിൽ പ്രതിപക്ഷ ബഹുമാനം നിലനിർത്തിക്കൊണ്ട് തന്നെ അവരുടെ നിലപാടുകളോട് വിയോജിക്കുക എന്നതായിരിക്കും ഞങ്ങളുടെ നയം.

ഖുർആൻ സുന്നത്ത് പ്രസ്ഥാനക്കാർ ഇന്ന് ഇന്ത്യയിൽ മാത്രമല്ല; വിദേശ രാഷ്ട്രങ്ങളിൽപ്പോലും അവഗണിക്കാനാവാത്ത ശക്തിയായി മാറിയിരിക്കുകയാണ്. ഹദീസുകളുടെ പൊള്ളത്തരങ്ങൾ എവിടെയും തുറന്നുകാട്ടുന്ന നമ്മുടെ പ്രവർത്തകർക്ക് ഇതര പ്രസ്ഥാനക്കാർ കൽപ്പിച്ചു നൽകിയ ഓമനപ്പേരാണ് ഹദീസ് നിഷേധികൾ എന്നത്. അത് കല്ലേറായല്ല; പൂമാലയായാണ് നാം സ്വീകരിക്കുന്നത്. ഹദീസുകളുടെ പിറകെ പോയാൽ വഴിതെറ്റുകയേയുള്ളൂവെന്നും ഖുർആൻ മാത്രമാണ് ഇസ്‌ലാമിന്റെ പ്രമാണമെന്നും നാം പറയുമ്പോൾ അത് കൊള്ളേണ്ടിടത്ത് കൊള്ളുന്നുണ്ട്.

തങ്ങളുടെ അണികളിൽ ചോർച്ച ഉണ്ടാവാതിരിക്കാൻ മറ്റു മുസ്‌ലിം സംഘടനകൾ പാടുപെടുകയാണ്. മുജാഹിദുകളുടെ ഒരു വിഭാഗം നടത്തി വരുന്ന മണ്ഡലം സമ്മേളനങ്ങളിൽ പ്രമേയമായി സ്വീകരിച്ചിരിക്കുന്നത് മതത്തെ അറിയുക; പ്രമാണങ്ങളിലൂടെ എന്നതാണ്. ഖുർആനെ കൂടാതെ ഹദീസും പ്രമാണമാക്കിയാലേ മുസ്‌ലിമാവൂ എന്നു ഊന്നിപ്പറഞ്ഞ് ഹദീസിന്റെ ഇല്ലാത്ത മഹിമകൾ പ്രചരിപ്പിക്കുകയാണ് ഈ സമ്മേളനങ്ങളിലൂടെ; പ്രമാണമല്ല. പ്രമാണങ്ങൾ തന്നെ വേണം മതത്തെ അറിയാൻ എന്ന വിഷയം തിരഞ്ഞെടുക്കാൻ കാരണമായത് ഹദീസുകളുടെ പ്രാമാണികതയെ വിശ്വാസികൾ ചോദ്യം ചെയ്തു തുടങ്ങിയതാണ്. ഇങ്ങനെയോരു ചിന്ത പടച്ചുവിടാൻ ഇടയാക്കിയത് നാമാണെന്ന വസ്തുത നമുക്കഭിമാനത്തിന് വക നൽകുന്നു.

മറ്റൊരു വിഭാഗം മുജാഹിദുകളാവട്ടെ 'ഹദീസ് നിഷേധികളെക്കൊണ്ട് വലിയ ശല്യമായിരിക്കുന്നു' എന്ന് പരസ്യമായി സമ്മതിച്ചിരിക്കുകയാണ്. അതും ഇവിടെങ്ങുമല്ല; അങ്ങ് കുവൈറ്റിൽ. ഓരോ കെ.എസ്. എസ്സുകാരനും ഓരോ മൗലവി ചേകനൂരായി മാറിയിരിക്കുന്നു എന്ന് തിരിച്ചറിഞ്ഞ ഒരു മുജാഹിദ് പണ്ഡിതൻ തന്റെ പ്രസംഗത്തിൽ അവിടത്തെ മലയാളികളോട് നടത്തിയ ആഹ്വാനം ഇങ്ങനെ: "ഖുർആൻ ഇരുട്ടാണ്. ഹദീസാണ് വെളിച്ചം. അതുകൊണ്ട് ഹദീസിലേക്ക് വരിക!" ഇവരെയൊക്കെ ഉൽപ്പതിഷ്ണുക്കൾ എന്ന് വിളിക്കുന്നവർ ഇപ്പോഴുമുണ്ടല്ലോ എന്നോർത്താണ് ഞങ്ങളുടെ സങ്കടം.

**കെ.കെ. സാലിം ഹാജി**

(പ്രസിഡന്റ് – ഖുർആൻ സുന്നത്ത് സൊസൈറ്റി, പ്രിന്റർ & പബ്ലിഷർ – വേദ ദർശനം)



ജനുവരി 2010

# വേദ ദർശനം


**ഖുർആൻ സുന്നത്ത് സൊസൈറ്റി മുഖപത്രം**

**പത്രാധിപ സമിതി**

**കെ.കെ. സാലിം ഹാജി**
(പ്രിന്റർ & പബ്ലിഷർ)

**മുതൂർ അബൂബക്കർ**
(ചീഫ് എഡിറ്റർ)

**എൻ.ടി.എ. കരീം**
(കോ-ഓർഡിനേറ്റർ)

**കെ. ശാഹുൽ ഹമീദ്**
**ഡോ. അബ്ദുൽ ജലീൽ പുറ്റെക്കാട്**
**ബീരാൻകുട്ടി കുനിയിൽ**
**അബ്ദുൽ റഹ്മാൻ കൂത്തുപറമ്പ്**
**കെ.ടി. മുഹമ്മദ് കുട്ടി**
**ബി.വി. സക്കീർ**
(എഡിറ്റർമാർ)

ഡി.ടി.പി., ഡിസൈനിംഗ് & പ്രിന്റിംഗ്
**ഗുരു ഓഫ്സെറ്റ് & ഗ്രാഫിക്സ്**
കോഴിക്കോട്. Ph: 9388678779

വിലാസം:
**വേദ ദർശനം, മൗലവി ചേകനൂർ മെമ്മോറിയൽ ബിൽഡിംഗ്, മണൽത്താഴം, ഗോവിന്ദപുരം പി.ഒ, കോഴിക്കോട് - 673016.**
E-mail: vedadarsanam@mail.com

ഒറ്റപ്രതി സംഭാവന: 12 രൂപ.
വാർഷിക സംഭാവന: 120 രൂപ.
എം.ഒ. അയക്കുമ്പോൾ മണി ഓർഡർ ഫോറത്തിൽ സന്ദേശം എഴുതാനുള്ള ഭാഗത്ത് വ്യക്തമായ വിലാസം (പിൻകോഡ് സഹിതം) എഴുതേണ്ടതാണ്. അപൂർണമായ വിലാസം കാരണം വേദ ദർശനം തപാലിൽ കിട്ടാതെ വന്നാൽ ഞങ്ങൾ ഉത്തരവാദികളായിരിക്കില്ല.

**കോ-ഓർഡിനേറ്റർ**

**INTERNAL CIRCULATION ONLY**


# സമർപ്പണം



മതലഹരിയിൽ നിന്ന് മതചിന്തയിലേക്കും
'മൊല്ല' മതത്തിൽ നിന്ന്
യഥാർഥ ഇസ്‌ലാമിലേക്കും ഞങ്ങളെ
ആനയിച്ച സമുദായ സൗഹാർദത്തിന്റെയും
ഐക്യത്തിന്റെയും ധീരപടനായകൻ
മൗലവി ചേകനൂരിന്...

## അകത്താളുകളിൽ


| | |
|---|---|
| പ്രസിഡന്റിന്റെ സന്ദേശം | 2 |
| സൂറഃ ഫാത്തിഹ | 5 |
| അകവും പുറവും | 5 |
| മൂല്യങ്ങളിൽ വേവലാതിയുള്ള മലയാളി | 6 |
| ലൗ ജിഹാദ്: കൊടുത്താൽ തിരിച്ചുകിട്ടും! | 8 |
| ഹെൽപ്‌ലൈൻ | 13 |
| ഒടുവിൽ അവർ ഖുർആനെയും തള്ളിപ്പറഞ്ഞു! | 14 |
| മതേതര ഇന്ത്യയിൽ മതന്യൂനപക്ഷങ്ങളുടെ പങ്ക് | 18 |
| അർഥന | 22 |
| നമസ്കാരത്തൊഴിലാളികളെ സൃഷ്ടിക്കുന്ന തബ്‌ലീഗ് ജമാഅത്ത് | 23 |
| ഹദീസ് നിരൂപണം ഖുർആനിലൂടെ | 26 |
| സ്വർഗീയ ജീവിതം | 28 |
| മുഹമ്മദ് നബിയും വറക്കത്ത് ജ്യോത്സ്യനും | 29 |
| സർവമത സത്യവാദം ഖുർആനിൽ | 31 |
| പ്രസ്ഥാന വാർത്തകൾ | 34 |

*സൃഷ്ടിച്ചവനായ നിന്റെ രക്ഷിതാവിന്റെ നാമത്തിൽ വായിക്കുക. മനുഷ്യനെ അവൻ ഭ്രൂണത്തിൽ നിന്നു സൃഷ്ടിച്ചിരിക്കുന്നു. നീ വായിക്കുക. നിന്റെ രക്ഷിതാവ് പേന കൊണ്ട് എഴുതാൻ പഠിപ്പിച്ചവനായ ഏറ്റവും ഔദാര്യവാനാകുന്നു. മനുഷ്യന് അറിയാത്തത് അവൻ പഠിപ്പിച്ചിരിക്കുന്നു.*

*(വി.ഖു. 96:1-5)*

## മുഖപ്രസംഗം

# തീവ്രവാദികൾ രാജ്യം കീഴടക്കുന്നു?

ലോകമെമ്പാടുമുള്ള സമാധാന പ്രേമികളുടെ ഉറക്കം കെടുത്തുംവിധം അതിഭീകരമായിരിക്കുന്നു തീവ്രവാദം. ജാതിയോ മതമോ ദേശ വ്യത്യാസമോ ഇല്ല എന്നതാണ് അതിന്റെ സവിശേഷത. ഒരു മനുഷ്യൻ തന്റെ മതം അനുശാസിക്കുംവിധം ജീവിക്കുന്നതല്ല തീവ്രവാദം. പ്രത്യുത, തന്റെ മതത്തിനും മതക്കാർക്കും മാത്രമേ ഇവിടെ നിലയുറപ്പിക്കാൻ അവകാശമുള്ളൂ എന്ന സങ്കുചിത ചിന്തയിലൂടെ മറ്റു മതവിശ്വാസികളെ നോക്കിക്കാണുന്നതാണ് യഥാർഥത്തിൽ തീവ്രവാദം.

ഏതൊരു മതവിശ്വാസിക്കും ഒരു കാലത്തും തീവ്രവാദിയാകാൻ കഴിയില്ല എന്നതാണ് യാഥാർഥ്യം. ഒരു മതപ്രമാണവും മറ്റുള്ളവരെ കൊച്ചാക്കി കാണാൻ അനുവദിച്ചിട്ടില്ല എന്നത് തന്നെ കാരണം. പ്രമാണമല്ലാത്ത വല്ലതും പ്രമാണമായി പ്രതിഷ്ഠിക്കപ്പെടുകയും, ഈ പറഞ്ഞതിനെതിരായി അതിൽ എന്തെങ്കിലും വരച്ച് വയ്ക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ അതിവിടെ ബാധകമല്ല. പള്ളിപൊളിയും ക്ഷേത്രധ്വംസനവും വിശ്വാസം തൊട്ട് തീണ്ടിയിട്ടില്ലാത്ത മത ഭ്രാന്തൻമാരുടെ സ്വന്തം സൃഷ്ടിയാണ്. ഈശ്വരൻ കനിഞ്ഞു നൽകിയ ജീവനും വായുവും വെള്ളവും യഥേഷ്ടം ഉപയോഗിക്കുന്ന ഒരു മനുഷ്യന് വർഗീയ വാദിയോ തീവ്രവാദിയോ ആകാൻ കഴിയില്ല. അഭിപ്രായ സ്വാതന്ത്ര്യത്തിന് പ്രാമുഖ്യം നൽകിയ ഇസ്‌ലാമിൽ വിശ്വസിക്കുന്നവരിലും തീവ്രവാദത്തിന്റെ അളവ് ദൈനംദിനം കൂടിക്കൊണ്ടിരിക്കുന്നത് നിരാശാജനകം തന്നെ. പാക്കിസ്ഥാനിലെ മുസ്‌ലിം പള്ളികളിൽ പ്രാർഥനയ്ക്കെത്തുന്നവർ ഭയക്കുന്നത് ഹിന്ദുതീവ്രവാദികളെയല്ല, മറിച്ച് മുസ്‌ലിം ഭീകരരെയാണ്. കാരണം അവർക്ക് നേരെ നിറയൊഴിക്കുന്നതും സ്ഫോടന പരമ്പര തീർക്കുന്നതും മുസ്‌ലിം നാമധാരികളാണ്.

വർണ-വർഗ-ദേശ-ഭാഷാ വ്യത്യാസമന്യേ സാർവലൗകികമായ സമാധാനമാണ് ഇസ്‌ലാം ലക്ഷ്യം വയ്ക്കുന്നത്. സങ്കുചിത ദേശീയത്വം അതിന് അന്യമാണ്. ദേശീയ പുരോഗതിക്കും സ്വസ്ഥതയ്ക്കും വേണ്ടി മാത്രം മുറവിളി കൂട്ടുന്നവർ, 'ലോകാഃ സമസ്താഃ സുഖിനോ ഭവന്തു' എന്ന ഭഗവത് ഗീതയുടെ സുന്ദരാദർശം വിസ്മരിക്കരുത്. പ്രകോപന-പ്രലോഭനങ്ങളിലൂടെ മതം മാറ്റുന്നതും തീവ്രവാദം തന്നെ. ഭീകരവാദവും തീവ്രവാദവും ആരുടെ ഭാഗത്തു നിന്നായാലും അത് ആക്ഷേപാർഹവും അപലപനീയവുമാണ്. മാനവസൗഹാർദത്തിന് കേളി കേട്ട നമ്മുടെ ഭാരതത്തിൽ മതഭ്രാന്തന്മാർക്കെതിരിൽ കക്ഷിഭേദമന്യേ നമുക്ക് കൈകോർക്കാം. ●

## ഇൻബോക്സ് Inbox

### ബഹുസമൂഹത്തിന് സ്വീകാര്യമാവണം

വേദ ദർശനത്തിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു. ബഹുസമൂഹത്തിന് സ്വീകാര്യമായ പ്രസിദ്ധീകരണമാകട്ടെ വേദ ദർശനം എന്നാഗ്രഹിക്കുന്നു.

ആശംസകളോടെ...

**റസാഖ് പയമ്പ്രോട്ട്**
കോ-ഓർഡിനേറ്റിങ് എഡിറ്റർ
വർത്തമാനം, കോഴിക്കോട്

### ശക്തമായ സന്ദേശമാവട്ടെ

പുതിയൊരു പ്രസിദ്ധീകരണം തുടങ്ങുന്നതറിഞ്ഞ് അത്യധികം സന്തോഷിക്കുന്നു. വേദ ദർശനത്തിന് ഒരുപാട് ഒരുപാട് വിജയാശംസകൾ. ഇത് ശക്തമായ സന്ദേശമായി ഉയരട്ടെ.

**ഫൈസി സലാം, ചെമ്പ്ര**
ചെമ്മണൂർ ജ്വല്ലേഴ്സ്, നിലമ്പൂർ

**കത്തുകൾ അയക്കേണ്ട വിലാസം:**

**വേദ ദർശനം**, മൗലവി ചേകനൂർ
മെമ്മോറിയൽ ബിൽഡിംഗ്, മണൽത്താഴം,
ഗോവിന്ദപുരം പി.ഒ.,
കോഴിക്കോട്-673 016.
E-mail: vedadarsanam@mail.com



# സൂറഃ ഫാത്തിഹ

■ പരിഭാഷ: ഇ.വി. കൃഷ്ണപിള്ള

(1922 ഏപ്രിൽ ലക്കം 'ഭാഷാപോഷിണി'യിൽ പ്രസിദ്ധീകരിച്ചത്)

ഔദാര്യ സമ്പൂർണനും കാരുണ്യാഗാരവുമായ അള്ളായുടെ നാമധേയത്തിൽ.

1. സ്തുതി സാകല്യവും സർവലോകസാമ്രാട്ടായ അള്ളായ്ക്കുള്ളതാകുന്നു.
2. ഔദാര്യ സമ്പൂർണനും കാരുണ്യാഗാരവുമായോനേ;
3. ഫലദാന ദിനാധിപാ;
4. അവിടുത്തെ ഞങ്ങൾ ശുശ്രൂഷിക്കുകയും അവിടുത്തോട് ഞങ്ങൾ ആലംബദാനത്തിന് പ്രാർഥിക്കുകയും ചെയ്യുന്നു.
5. ശരിയായ മാർഗത്തിൽക്കൂടെ ഞങ്ങളെ നയിച്ചാലും...
6. അവിടുത്തെ കാരുണ്യത്തിന് പാത്രങ്ങളായവരുടെയും;
7. എന്നാൽ ദൈവകോപത്തിന് വിഷയമായവരുടെയോ മാർഗഭ്രംശികളുടെയോ അല്ലാത്തതും ആയ പന്ഥാവിൽക്കൂടി ഞങ്ങളെ നയിച്ചാലും...

---

*വിശുദ്ധ ഖുർആൻ ഇംഗ്ലീഷ് പരിഭാഷയിൽ നിന്ന് പ്രശസ്ത സാഹിത്യകാരൻ ഇ. വി. കൃഷ്ണപിള്ള വിവർത്തനം ചെയ്തത്. ഇതിന്റെ 40 വർഷങ്ങൾക്ക് ശേഷമാണ് മുസ്‌ലിം സമുദായത്തിൽ മലയാള പരിഭാഷ ഇറങ്ങിയത്. സൂറഃ ബഖറയും ഇ.വി. കൃഷ്ണപിള്ള വിവർത്തനം ചെയ്തിട്ടുണ്ട്.*

# അകവും പുറവും

■ ഫൈസി സലാം, ചെമ്പ്ര



## അകം

പിശാചിനെ
പാലൂട്ടി
തേനൂട്ടി
താരാട്ടി
ഓമനിക്കും
ഞാനെന്നുമെങ്കിലും;

## പുറം

പിശാചിനെ
വാളേന്തി
കല്ലേന്തി
വടിയേന്തി
ഓടിക്കും
ഞാനെന്നുമെന്നും...

# മൂല്യങ്ങളിൽ വേവലാതിയുള്ള മലയാളി

**ചേകനൂർ വധത്തിന്റെ പശ്ചാത്തലത്തിൽ മലയാളിയുടെ മാറുന്ന മൂല്യങ്ങളിലേക്ക് ഒരെത്തിനോട്ടം. ചേകനൂരിന്റെ ജീവചരിത്ര ഗ്രന്ഥം (ചേകനൂർ മൗലവി: ജീവിതവും സന്ദേശവും) പ്രസിദ്ധീകരിച്ചതിന്റെ പേരിൽ വധശ്രമത്തെ അതിജീവിച്ചയാളാണ് വര പബ്ലിക്കേഷൻസ് ഉടമയും പത്രപ്രവർത്തകനുമായ ലേഖകൻ.**

■ റസാഖ് പയമ്പ്രോട്ട്
razakvara@gmail.com

മതമൗലിക, മതയാഥാസ്ഥിതിക വാദം പുതിയ തലമുറകളിലേക്കു കൂടി വ്യാപിപ്പിച്ച് അവയ്ക്കൊക്കെയും ആവേശപരിവേഷം കൽപ്പിക്കപ്പെടുമ്പോൾ അതിനെ ചെറുക്കാനുള്ള ആശയം രൂപപ്പെടേണ്ടത് അതത് മത പ്രസ്ഥാനങ്ങളിൽ നിന്നു തന്നെയായിരിക്കണം. ജീവിതം ആദർശങ്ങൾക്കായി ബലിനൽകിയ ഒട്ടനവധി മനുഷ്യസ്നേഹികൾ ജീവിച്ച മണ്ണാണിത്. നവോത്ഥാനത്തിന്റെ വളക്കൂറിൽ തഴച്ചുവളർന്ന അവയൊക്കെയും വർത്തമാനകാലത്ത് വിസ്മൃതിയിലേക്ക് ആണ്ടു പോകുമ്പോൾ ഓർമിക്കപ്പെടേണ്ടവയെ തൊട്ടുണർത്താൻ ഇവിടെ ചിലരൊക്കെ വേണം. ജീവിതത്തിന്റെ സൗകുമാര്യം എന്നത് മരണത്തിനു ശേഷവും ഓർമിക്കപ്പെടുക എന്നതാണ്. ജീവിതം നശ്വരവും മരണം അനശ്വരവുമാവുന്നത് അങ്ങനെയാണ്.

ആഗ്രഹിക്കാത്ത നിമിഷങ്ങളിൽ മരണത്താൽ വേട്ടയാടപ്പെട്ടേക്കാം. അത് പ്രകൃതി നിയമം; സ്വാഭാവികം. അതേസമയം ഒരാളെ മരണത്തിലേക്ക് തള്ളിവിടുന്നതിനെ; അതും ക്രൂരമായി കൊലചെയ്യുന്നതിനെ ഒരിക്കലും ന്യായീകരിക്കാനാവില്ല. എന്നാൽ ഇതിനെയൊക്കെ ന്യായീകരിക്കുകയോ ഈ കൊലപാതകങ്ങളുടെ പക്ഷം ചേരുകയോ ചെയ്യുന്ന ഒരു വിഭാഗം ഇപ്പോഴും നിലനിൽക്കുന്നു. എന്നത് സമൂഹത്തെ മൊത്തത്തിൽ ഭീതിപ്പെടുത്തേണ്ടതാണ്. ഇവിടെ മതതീവ്രവാദത്തിനും മതഭീകരതയ്ക്കും പുതിയ മാനങ്ങൾ കല്പിച്ച് യുവതയെ തെറ്റിദ്ധരിപ്പിക്കുന്ന പ്രവണതയുണ്ട്. പരസ്പരം കടിച്ചുകീറി കൊല്ലാൻ പാകത്തിൽ മനുഷ്യരുടെ ബോധതലത്തെ മാറ്റിമറിക്കാൻ പുതിയ സിദ്ധാന്തങ്ങൾ മെനയുന്നവർ ദൂരവ്യാപകമായി സാമൂഹിക പ്രത്യാഘാതങ്ങൾക്കാണ് കളമൊരുക്കുന്നത്.

പുതിയ തലമുറയെ വലയിലാക്കി സംഘബലം നേടുകയെന്ന ലക്ഷ്യത്തിലാണവർ പ്രവർത്തിക്കുന്നത്. യുവസമൂഹമാകട്ടെ അതിലേക്ക് അവരറിയാതെ ആകർഷിക്കപ്പെടുകയും ചെയ്യുന്നു. ബഹുസ്വര സമൂഹത്തിൽ ഏതുതരത്തിലാണ് ജീവിക്കേണ്ടതെന്ന ബാലപാഠം പോലും തിരസ്കരിക്കുമ്പോൾ അത് സമൂഹത്തിലുണ്ടാക്കുന്ന അസന്തുലിതാവസ്ഥയെക്കുറിച്ച് ചിന്തിക്കാൻ അവരൊന്നും തയ്യാറാകുന്നില്ല. ഇന്ത്യൻ ജനാധിപത്യത്തിന്റെ സൗകര്യങ്ങളെയും നന്മയെയും മറന്ന് മതനി

**ആഗ്രഹിക്കാത്ത നിമിഷങ്ങളിൽ മരണത്താൽ വേട്ടയാടപ്പെട്ടേക്കാം. അത് പ്രകൃതി നിയമം; സ്വാഭാവികം. അതേസമയം ഒരാളെ മരണത്തി ലേക്ക് തള്ളിവിടുന്നതിനെ; അതും ക്രൂരമായി കൊലചെയ്യുന്നതിനെ ഒരിക്കലും ന്യായീകരിക്കാ നാവില്ല. എന്നാൽ ഇതിനെയൊക്കെ ന്യായീക രിക്കുകയോ ഈ കൊലപാതകങ്ങളുടെ പക്ഷം ചേരുകയോ ചെയ്യുന്ന ഒരു വിഭാഗം ഇപ്പോഴും നിലനിൽക്കുന്നു എന്നത് സമൂഹത്തെ മൊത്ത ത്തിൽ ഭീതിപ്പെടുത്തേണ്ടതാണ്.**




രപേക്ഷതയ്ക്കു പകരം മത പക്ഷം അടിച്ചേൽപ്പി ക്കുന്ന പ്രവണതയെ ഭരണകൂടം തന്നെ പ്രോത്സാ ഹിപ്പിക്കുന്നുണ്ട്. ഹൈന്ദവാചാര പ്രകാരമായിരി ക്കണം നല്ലതിനെല്ലാം തുടക്കം കുറിക്കേണ്ടത് എന്നുറപ്പുള്ള ഭരണകൂടം നവകാലത്തും തുടരു ന്നത് അവയൊക്കെ തന്നെയാണ്. തിരിതെളി യിക്കലും തേങ്ങയുടയ്ക്കലും ഭൂമിപൂജയു മൊക്കെ മുമ്പുള്ളതിനേക്കാൾ എണ്ണത്തിലും ആൾബലത്തിലും വർധിക്കുന്നു.

അന്ധവിശ്വാസങ്ങളും ദുരാചാരങ്ങളും കാലത്തേക്കാൾ വേഗത്തിൽ ജനസമ്മതി നേടു ന്നു. അവയെ അനുകൂലിക്കുന്നവരാണ് എണ്ണ ത്തിൽ കൂടുതൽ എന്നതിനാൽ എതിർപ്പുകൾ ആരുമറിയുന്നില്ല. ഇത് മുതലെടുത്താണ് ഇതിനെ തിരെയുള്ള അണിയറപ്രവർത്തനങ്ങൾ തുടരു ന്നത്. ഒളിവിൽ ചെയ്യുന്നതിന് വെളിയിൽ ചെയ്യു ന്നതിനേക്കാൾ തീവ്രതയുണ്ടാകും. മുഖം നോക്കാതെ; ആരേയും പരിഗണിക്കാതെ; എന്തു വന്നാലും താൻ സുരക്ഷിതൻ എന്ന ഭാവത്തിൽ ചെയ്യുന്ന കുറ്റകൃത്യങ്ങളാണ് വലിയ നാശം വിത ച്ചിട്ടുള്ളത്. തിരസ്കരിക്കുന്നത് എന്നതിൽ നിന്ന് ഇതിന്റെ ഭവിഷ്യത്ത് നാം

കേരളത്തിന്റെ ഭൂമികയിൽ സംഭവിക്കാൻ പാടില്ലാത്തവയാണ് യഥാർഥത്തിൽ ഇവയൊ ക്കെ. നമ്മുടെ സാംസ്കാരികാവബോധം ഇന്ന ത്തേതിൽ നിന്ന് വളരെ മെച്ചപ്പെട്ടതായിരുന്നു. സഹസ്രാബ്ദങ്ങളായി നിലനിന്നിരുന്ന സാംസ്കാ രിക ജീർണതയെ നവോത്ഥാന നായകരുടെ ഇട പെടലിലൂടെ മാറ്റിമറിച്ച സംസ്കൃതിയെയാണ് ആധുനിക ജനത തിരസ്കരിക്കുന്നത് എന്നതിൽ നിന്ന് ഇതിന്റെ ഭവി ഷ്യത്ത് നാം ഉൾക്കൊണ്ടേ മതിയാകൂ. ലോകത്തിന്റെ മൊത്തം ജീർണത കൾ ആധുനിക വിവരവിനിമയം പോലെ അതിവേഗം വ്യാപിച്ചപ്പോൾ കൊച്ചു കേരളത്തിന് ഉൾക്കൊള്ളാൻ പറ്റാത്ത വിധം കൂടിപ്പോയി. മാലിന്യങ്ങളുടെ കടൽ തന്നെ ആ നദിയെ മലി നമാക്കി. ലോകം മുഴുവൻ വ്യാപിച്ചുകിടക്കുന്ന മലയാളിയുടെ സാംസ്കാരികബോധം ലോക ത്തോളം ഉന്നതിയുണ്ടാവേണ്ടതായിരുന്നു. ഒരു കാലത്ത് അതുണ്ടായിരുന്നു. ഇതിനെ വികലമാ ക്കിയത് ചില കുത്തൊഴുക്കുകളാണ്.

സമ്പത്തും അതിന്റെ സ്വകാര്യവിനിമ യവും യഥേഷ്ടമുള്ള കൈകാര്യവും ഒന്നിനെ മറ്റൊന്നിനുമേൽ പൂർണമായും ആധിപത്യമുറപ്പി ച്ചപ്പോൾ സംഭവിച്ചതാണ് മൂല്യങ്ങളുടെ അന്യം നിൽക്കൽ. അങ്ങനെ അന്യാധീനപ്പെട്ടുപോയ മൂല്യങ്ങളെക്കുറിച്ച് വേവലാതിപ്പെടുന്ന സമൂഹ മായി മലയാളി മാറുകയായിരുന്നു. പരിഷ്കാ രത്തിന്റെ എതിർ ദിശയാണ് പ്രാകൃതം. പരിഷ്കാ രത്തിൽ പതിറ്റാണ്ടുകൾ ജീവിച്ചവർക്ക് അല്പം പ്രാകൃതവുമാകാം എന്ന നില വന്നിരിക്കുന്നു. അതിനായി മഹത്തായതെങ്കിലും പാരമ്പര്യ ത്തെയും നിഷേധിക്കാൻ ചിലർ തയ്യാറാകുന്നു. അതിലേക്ക് ചിലരെയെല്ലാം വിളിച്ചുചേർത്ത് സ്വന്തം മനോഗതത്തെ സർവ വ്യാപിയാക്കു മ്പോൾ സംഭവിക്കുന്ന ദുരന്തമായി വേണം മത മൗലിക, മതയാഥാസ്ഥിതിക പ്രവർത്തനങ്ങളെ കാണാൻ. ഇതിനെതിരെയുള്ള പൊതു വികാരം സമൂഹത്തിൽ ജ്വലിപ്പിച്ചു നിർത്താനായാൽ അതാ യിരിക്കും മലയാളിക്ക് തനത് മൂല്യങ്ങൾ തിരി ച്ചുപിടിക്കാനുള്ള ഏകായുധം.




# കൊടുത്താൽ തിരിച്ചുകിട്ടും!

**ബി.വി. സക്കീർ**
sakeer@journalist.com

ഏതാണ്ട് നാല് വർഷം മുമ്പ് അറബി നാമധാരികളായ ഒട്ടേറെപ്പേരുടെ ഇ-മെയിൽ ഇൻ ബോക്സിൽ ലഭിച്ച അജ്ഞാത കേന്ദ്രത്തിൽ നിന്നുള്ള സന്ദേശം ഇങ്ങനെ: “ഓരോ നഗരത്തിലും ആർ.എസ്.എസ്സുകാർ മുസ്‌ലിം സഹോദരിമാരുടെ സെൽഫോൺ നമ്പറുകൾ ശേഖരിച്ചു വരുന്നു. മൊബൈൽ റീചാർജ് സെന്ററുകളിൽ നിന്ന് ശേഖരിക്കുന്ന ഈ നമ്പറുകൾ മുസ്‌ലിം പെൺകുട്ടികളുടെ ജീവിതം നശിപ്പിക്കാനാണ് ഉപയോഗിക്കുന്നത്. അതുകൊണ്ട് ഈ മെസ്സേജ് എല്ലാ മുസ്‌ലിം സഹോദരന്മാർക്കും സഹോദരികൾക്കും ഫോർവേർഡ് ചെയ്യുക. ‘ഈസി റീ ചാർജ്’ ഉപയോഗിക്കരുതെന്നും ടോപ് അപ് കാർഡുകൾ മാത്രം ഉപയോഗിക്കണമെന്നും അവരോട് പറയുക. മുസ്‌ലിംകളുടെ രക്ഷയ്ക്കായി പ്രവർത്തിക്കുക.”

ഉറവിടമേതെന്നറിയാത്ത, ഇംഗ്ലീഷിലുള്ള മറ്റൊരു ഇ-മെയിൽ സന്ദേശത്തിന്റെ പരിഭാഷ ഇങ്ങനെ വായിക്കാം. ‘മുസ്‌ലിം പെൺകുട്ടികളേ, ആർ.എസ്.എസ് തന്ത്രങ്ങൾ കരുതിയിരിക്കുക’ എന്ന തലക്കെട്ടിലുള്ള കത്ത് തുടങ്ങുന്നത് സലാം ചൊല്ലിയാണ്. “നിരപരാധികളായ ആയിരക്കണക്കിന് മുസ്‌ലിം സ്ത്രീകളെ ബലാത്സംഗം ചെയ്യുകയും കൊന്നൊടുക്കുകയും ചെയ്ത നാണം കെട്ട ആർ.എസ്.എസ് ഇപ്പോൾ മുസ്‌ലിംകളെ നശിപ്പിക്കാനായി സ്മാർട്ട് ഫ്രന്റ്സ് അഥവാ എസ്.എഫ് എന്ന പേരിൽ ഒരു പ്രസ്ഥാനം തുടങ്ങിയിരിക്കുന്നു. സ്കൂൾ, കോളജ് വിദ്യാർഥികളായ ആൺകുട്ടികൾ മാത്രമാണ് ഇതിലെ അംഗങ്ങൾ. മുസ്‌ലിം പെൺകുട്ടികളെ പ്രേമിക്കുക എന്നതാണ് അവരുടെ ലക്ഷ്യം. ഓരോ എസ്.എഫ്. അംഗവും ചുരുങ്ങിയത് ഒരു മുസ്‌ലിം പെൺകുട്ടിയുടെ ജീവിതമെങ്കിലും നശിപ്പിക്കണം എന്നാണ് ആർ.എസ്.എസ്സിന്റെ കൽപ്പന. അതുകൊണ്ട് എസ്.എഫിനെ സൂക്ഷിക്കുക. തന്റേത് യഥാർഥവും സത്യസന്ധവുമായ പ്രണയമാണെന്ന് അഭിനയിക്കണമെന്നും മുസ്‌ലിം പെൺകുട്ടികൾക്ക് സംശയമൊന്നും തോന്നരുതെന്നും ഹൈന്ദവരായ ആൺകുട്ടികൾക്ക് പ്രത്യേക നിർദേശം ലഭിച്ചിട്ടുണ്ട്. മുസ്‌ലിം പെൺകുട്ടികളുമായുള്ള ‘പ്രണയാഭിനയത്തിന്’ ധനസഹായവും ഇവർക്ക് ലഭിക്കുന്നുണ്ട്. ദയവായി ഈ സന്ദേശം മുസ്‌ലിം രക്ഷിതാക്കൾക്കും വിദ്യാർഥികൾക്കും പെൺകുട്ടികൾക്കും കൈമാറുക. മുസ്‌ലിം പെൺകുട്ടികളെ പ്രണയിക്കാൻ ആർ.എസ്.എസ്. ലഘുലേഖകളും ഇറക്കിയിട്ടുണ്ട്. നമ്മുടെ പെൺകുട്ടികളെ നശിപ്പിക്കാൻ അവർ എസ്.എം.എസ് കാമ്പയിനും നടത്തു




ന്നു. മുസ്‌ലിം പെൺകുട്ടികളെ വിവാഹം കഴിക്കുന്ന ഹിന്ദുക്കൾക്ക് പാരിതോഷികവും എസ്.എം. എസ് കാമ്പയിൻ വാഗ്ദാനം ചെയ്യുന്നു. ഇൻഡോറിലെ രാജേഷ് ബിഡ്കർ എന്നയാൾ ഇത്തരത്തിൽ 5000 രൂപയാണ് കൊടുക്കാമെന്നേറ്റിരിക്കുന്നത്. മുസ്‌ലിം പെൺകുട്ടികളെ കല്യാണം കഴിക്കുന്ന ഹിന്ദുക്കളുടെ സംരക്ഷണവും അയാൾ ഉറപ്പ് നൽകുന്നു. സൂക്ഷിക്കുക.”

ഇത്തരത്തിലുള്ള സന്ദേശങ്ങൾ ഇ-മെയിലായും നോട്ടീസുകളായും മറ്റും അന്ന് നാട്ടിലും ഗൾഫിലുമൊക്കെ ഏറെ പ്രചരിക്കുകയുണ്ടായി. സ്നേഹം നടിച്ച് മുസ്‌ലിം പെൺകുട്ടികളെ കെണിയിലാക്കി വിവാഹം കഴിക്കുന്ന ഹിന്ദുക്കളെ കരുതിയിരിക്കുക എന്ന വ്യാപക പ്രചാരണം ഉണ്ടായെങ്കിലും ഒന്നിനും ഊരും പേരുമുണ്ടായിരുന്നില്ല. ആരോപണങ്ങൾക്കൊന്നും ഒരു തെളിവുമുണ്ടായിരുന്നില്ല.

അന്നത്തെ ആ പ്രചാരണത്തിന് അൽപ്പം വൈകിയെങ്കിലും ഇപ്പോൾ മറുപടി കിട്ടി; ലൗ ജിഹാദിന്റെ രൂപത്തിലൂടെ! മുസ്‌ലിംകൾ എന്താണോ ആർ.എസ്.എസ്സിന്റെ മേൽ ആരോപിച്ചത്; അതു തന്നെ ആർ.എസ്.എസ് ഇന്ന് തിരിച്ചു പ്രയോഗിക്കുന്നു! വടി കൊടുത്ത് അടി വാങ്ങുകയാണ് മുസ്‌ലിം സമുദായം ചെയ്തിരിക്കുന്നത്. ഹിന്ദു യുവതികളെ പ്രണയം നടിച്ച് വശത്താക്കി ഇസ്‌ലാം മതത്തിലേക്ക് പരിവർത്തനം ചെയ്യിച്ച് വിവാഹം കഴിക്കുക എന്ന ഉദ്ദേശ്യത്തോടെ ലൗ ജിഹാദ് പ്രസ്ഥാനം പ്രവർത്തിക്കുന്നു എന്നാണല്ലോ ഇപ്പോൾ ഉയർന്നു വന്നിരിക്കുന്ന പ്രധാന ആരോപണം. ഈ വിഷയം നമുക്കൊന്ന് വിശകലനം ചെയ്യാം.

ലൗ ജിഹാദ് എന്ന പേരിൽ സംഘടിത നീക്കം നടക്കുന്നതായി തെളിവില്ലെന്ന് ഡി.ജി.പി ജേക്കബ് പുന്നൂസ് ഹൈക്കോടതിയിൽ ബോധിപ്പിച്ചെങ്കിലും ഇത് പരിശോധിച്ചാൽ ഒരു കാര്യം വ്യക്തമാവും. കേരളത്തിൽ ഇത്തരത്തിൽ മതപരിവർത്തനം നടക്കുന്നില്ല എന്നല്ല; മറിച്ച് അതിന് വേണ്ടത്ര തെളിവ് ലഭിച്ചിട്ടില്ല എന്നാണ് പൊലീസ് മേധാവിയുടെ സാക്ഷ്യം. കോടതിക്ക് ഏതു കാര്യത്തിനും വേണ്ടത് തെളിവാണല്ലോ. 18 പൊലീസ് യൂണിറ്റുകളിൽ നിന്നുള്ള റിപ്പോർട്ടുകൾ മുദ്ര വച്ച കവറിൽ ഡി.ജി.പി കോടതിക്ക് കൈമാറുകയുണ്ടായി. ഇതിൽ മൂന്ന് റിപ്പോർട്ടുകളിൽ പറയുന്നത് പ്രണയം നടിച്ച് മതംമാറ്റം നടത്താൻ ചില സംഘടനകൾ ശ്രമിക്കുന്നതായി വിവിധ സ്രോതസ്സുകളിൽ നിന്ന് വിവരമുണ്ടെന്നാണ്. പ്രഫഷണൽ കോഴ്സിന് പഠിക്കുന്നതും ഐ.ടി മേഖലയിൽ ജോലി ചെയ്യുന്നതുമായ സവർണ ഹിന്ദു-ക്രിസ്ത്യൻ കുടുംബങ്ങളിലെ പെൺകുട്ടികളെ വലയിൽ വീഴ്ത്തുകയെന്ന പദ്ധതിയുണ്ടെന്നാണ് പൊലീസ് രഹസ്യ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഡിസംബർ ഒമ്പതിലെ ഹൈക്കോ

ടതി ഉത്തരവിൽ പറഞ്ഞിരിക്കുന്നത്. മുസ്‌ലിം യൂത്ത് ഫോറം, പോപ്പുലർ ഫ്രണ്ട്, എൻ.ഡി.എഫ്, ക്യാമ്പസ് ഫ്രണ്ട്, വനിതാ സംഘടനകളായ തസ്‌ലീൻ മില്ലത്ത്, ഷഹീൻ ഫോഴ്സ് എന്നിവയാണ് ലൗ ജിഹാദ് എന്ന് പറയപ്പെടുന്ന പ്രസ്ഥാനത്തിന് പിന്നിലുള്ളതെന്നും റിപ്പോർട്ടിൽ പറയുന്നു. സ്ഥിതിവിവരക്കണക്കനുസരിച്ച് കഴിഞ്ഞ നാല് വർഷത്തിനിടെ 3000-4000 പ്രണയബന്ധിത മതപരിവർത്തനം നടന്നിട്ടുണ്ട്. മറ്റൊരു കണക്കിൽ ഇത് 2800 എന്ന് പറയുന്നു. കാസർകോട് മുതൽ മലപ്പുറം വരെയുള്ള (വയനാട് ഒഴികെ) ജില്ലകളിലെ മതപരിവർത്തനം 1600 എന്നും പറയുന്നു. മറ്റൊരു റിപ്പോർട്ട് പ്രകാരം തിരുവനന്തപുരം ജില്ലയിൽ നൂറിലേറെ മതംമാറ്റം നടന്നിട്ടുണ്ട്. ജസ്റ്റിസ് കെ.ടി. ശങ്കരന്റെ വിധിയിലാണ് ഇത് പറയുന്നത്. എന്നാൽ ജസ്റ്റിസ് എം. ശശിധരൻ നമ്പ്യാരുടെ ചോദ്യം പ്രണയവിവാഹത്തിന്റെ പേരിൽ ഒരു പ്രത്യേക സമുദായത്തെ ലാക്കാക്കിയുള്ള നടപടി എന്തുകൊണ്ടാണെന്നാണ്. "പ്രണയവിവാഹം കുറ്റമല്ല. എല്ലാ സമുദായത്തിലും അത് നടക്കുന്നുണ്ട്. പ്രായപൂർത്തിയായ പെൺകുട്ടിക്കും ആൺകുട്ടിക്കും സ്വാതന്ത്ര്യമായി ജീവിക്കാൻ അവകാശമുണ്ട്" -വാദത്തിനിടെ അദ്ദേഹം പറയുകയുണ്ടായി.

നിർബന്ധിത മതംമാറ്റം തടയാൻ സംസ്ഥാനത്ത് നിയമനിർമാണം നടത്തുന്ന കാര്യം സർക്കാർ പരിഗണിക്കണമെന്ന പരാമർശം തന്നെ ഈ വിഷയം ഹൈക്കോടതി എത്രമാത്രം ഗൗരവമായാണ് എടുത്തിരിക്കുന്നതെന്ന് വ്യക്തമാക്കുന്നു. യുവജനം വിജ്ഞാനം തേടിയെത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ മതപ്രചാരണത്തിന് വേദിയാക്കരുതെന്നും കോടതി പ്രത്യേകം പറയുകയുണ്ടായി. ജിഹാദ് എന്ന പദത്തോടൊപ്പം ലൗ ചേർന്നപ്പോൾ രോഷം കൊണ്ടവർ പക്ഷേ ഹൈക്കോടതിയുടെ ഈ നിരീക്ഷണങ്ങളൊന്നും കാണാതെ പോയി.

സംസ്ഥാനത്ത് റോമിയോ ജിഹാദ്, ലൗ ജിഹാദ് എന്നീ പേരുകളിൽ ഏതെങ്കിലും മൂവ്മെന്റ് പ്രവർത്തിക്കുന്നുണ്ടോ എന്ന് 2009 സപ്റ്റംബർ 29ന് ജസ്റ്റിസ് കെ.ടി ശങ്കരൻ പൊലീസിനോട് ചോദിച്ചതോടെയാണ് ഈ വിഷയം ഒച്ചപ്പാടാവുന്നത്. അദ്ദേഹത്തിന് പിറ്റേന്ന് മുതൽ തീവ്ര നിലപാടുകളുള്ള ഒരു സമുദായ പത്രം കിട്ടാൻ തുടങ്ങി. ജഡ്ജിക്ക് നേരെ ഭീഷണിയുടെ സ്വരത്തിൽ അതിൽ വാർത്തകൾ വന്നു. സാക്ഷിമൊഴികളുടെ അടിസ്ഥാനത്തിൽ പൊലീസ് റിപ്പോർട്ടിലാണ് ഈ പദം ആദ്യം വന്നതെന്നും ഇത് കോടതി സൃഷ്ടിച്ചതല്ലെന്നും ജസ്റ്റിസ് കെ.ടി. ശങ്കരൻ ചൂണ്ടിക്കാട്ടുന്നു. രണ്ട് പെൺകുട്ടികളെ പ്രണ

# വികാരപരമായി കാണരുത്



■ എ. സജീവൻ

(ബ്യൂറോ ചീഫ്,
കേരള കൗമുദി, കോഴിക്കോട്)

**ലൗ** ജിഹാദ് മാധ്യമ സൃഷ്ടിയാണെന്ന് പറഞ്ഞ് വൻ പുകമറ സൃഷ്ടിക്കുകയാണ് യഥാർഥത്തിൽ ചിലർ ചെയ്യുന്നത്. പൊലീസും കോടതിയുമൊക്കെയാണ് ആദ്യം ലൗ ജിഹാദ് എന്ന പദം ഉപയോഗിച്ചത്. മാധ്യമങ്ങൾ അതേറ്റുപിടിച്ചു എന്നേയുള്ളൂ. വിശുദ്ധ യുദ്ധം എന്ന അർഥത്തിൽ ഉപയോഗിക്കുന്ന ജിഹാദിനോട് ചേർത്ത് ലൗവും റോമിയോയും വന്നപ്പോൾ പലർക്കും അത് കൗതുകകരമായ വാർത്തയായി. വ്യക്തിപരമായി ആ പദപ്രയോഗത്തോട് എനിക്ക് യോജിപ്പില്ല.

ഈ വിഷയം ഇരുവിഭാഗവും വികാരപരമായി കാണേണ്ടതില്ല. പ്രേമിച്ച് മതം മാറ്റുന്ന ഗ്രൂപ്പ് ഉണ്ടെന്ന വാർത്ത പരക്കുമ്പോൾ അതിൽ എന്തെങ്കിലും വാസ്തവമുണ്ടോ എന്ന അന്വേഷണബുദ്ധിയുണ്ടാവുന്നില്ല. ഇങ്ങനെയൊരു സംഭവം ഉണ്ടെങ്കിൽ അത് ക്രിമിനൽ ഒഫൻസാണ്. ഇതിൽ എത്രമാത്രം യാഥാർഥ്യമുണ്ട് എന്ന കാര്യം പൊലീസിനും കോടതിക്കും വിടുന്നതാണുചിതം. ഏതായാലും എല്ലാ മുസ്‌ലിംകളും മതം മാറ്റാൻ നടക്കുന്ന ആളുകളാണ് എന്ന രീതിയിലുള്ള പ്രചാരണം പൂർണ

യക്കുരുക്കിൽ പെടുത്തി മതപരിവർത്തനത്തിന് പ്രേരിപ്പിച്ചുവെന്ന കേസിനിടെയാണ് ഈ പദപ്ര യോഗം കടന്നു വരുന്നത്. കെ. ഷെഹൻഷാ, എം. സിറാജുദ്ദീൻ എന്നീ യുവാക്കളാണ് ഈ കേസിലെ പ്രതികൾ.

കർണാടക ഹൈക്കോടതിയിലും ലൗ ജിഹാദ് സംബന്ധിച്ച കേസുണ്ട്. അവിടെ ചാമ രാജ് നഗറിൽ കുടുംബത്തോടൊപ്പം താമസിക്കുന്ന കണ്ണൂർ സ്വദേശിനി സിൽജരാജ് ഈരാറ്റുപേട്ട സ്വദേശി അസ്കറിനെ വിവാഹം ചെയ്തതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ് ലൗ ജിഹാദിനെ അവി ടേയും പരാമർശ വിഷയമാക്കിയത്. കേരള ഡി. ജി.പി. സമർപ്പിച്ചതുപോലെ തെളിവ് ലഭിച്ചിട്ടി ല്ലെന്ന് ക്രൈം ഇൻവെസ്റ്റിഗേഷൻ ഡിപ്പാർട്ടുമെന്റ് കർണാടക ഹൈക്കോടതിയിൽ അറിയിച്ചുവെ ങ്കിലും കേരള-കർണാടക തീരപ്രദേശങ്ങളിൽ ഇത്തരം പ്രവർത്തനങ്ങൾ നടക്കുന്നുവെന്ന് സംശ യമുണ്ടെന്നും കൂടുതൽ അന്വേഷണത്തിന് സമയം വേണമെന്നുമാണ് അവിടത്തെ അന്വേഷ ണസംഘവും ആവശ്യപ്പെട്ടത്. ലൗ ജിഹാദ് ഇല്ല എന്ന് കേരള ഡി.ജി.പിയും കർണാടക സി.ഐ. ഡിയും തീർത്തു പറഞ്ഞിട്ടില്ല എന്നു ചുരുക്കം.

പ്രണയം നടിച്ച് മതംമാറ്റം നടത്തുന്നു എന്ന ആരോപണം പാടേ നിഷധിക്കുന്നു സുന്നി-മുജാഹിദ് വിഭാഗങ്ങൾ. അൽപ്പമെങ്കിലും യാഥാർഥ്യ ബോധത്തോടെ പ്രതികരിച്ചത്

**ഇനിയെങ്കിലും മുസ്ലിം സംഘടനകൾ ലൗ ജിഹാദ് സംഘ്പരിവാറിന്റെയും മാധ്യമങ്ങളുടെയും സൃഷ്ടിയാണെന്ന് പറഞ്ഞ് ഒഴിഞ്ഞു മാറാതെ സമുദായ ത്തിൽ ഇങ്ങനെയും നടക്കുന്നുണ്ടോ എന്നന്വേഷിക്കുകയും ഉണ്ടെന്ന് ബോധ്യ പ്പെട്ടാൽ അതിനെതിരേ ശക്തമായി രംഗ ത്തുവരികയുമാണ് വേണ്ടത്. ഇസ്‌ലാം മത വിശ്വാസികളുടെ എണ്ണം കൂട്ടിയാൽ പുണ്യം കിട്ടുമെന്നും അതാണ് യഥാർഥ ജിഹാദെന്നും കരുതുന്ന തീവ്ര നിലപാ ടുകാർക്ക് അതൊരു താക്കീതാവട്ടെ. മത ത്തിൽ ബലാൽക്കാരമില്ലെന്ന വിശുദ്ധ ഖുർആൻ വചനവും (2: 256) ജിഹാദി കൾ ഓർക്കട്ടെ.**

ജമാഅത്തെ ഇസ്‌ലാമിയാണ്. ''പ്രണയ നിഷേധം വ്യക്തിയുടെ സ്വയംനിർണയാവ കാശത്തെ തടയലും മനുഷ്യാവകാശ ലംഘ നവുമാണ്. പ്രണയിച്ച് വിവാഹിതരാവുന്നവർ പിന്നീട് മതപരിവർത്തനം നടത്തുന്നുണ്ടെ ങ്കിൽ സ്വാഭാവികം മാത്രമാണത്. യഥാർഥ പ്രണയമെന്നത് മതവും ജാതിയും രാഷ്ട്രീ യവും ത്യജിക്കലാണ്.'' ഇത് സംബന്ധിച്ച് കോഴിക്കോട്ട് നടന്ന സംവാദത്തിൽ ജമാഅ




മായും തെറ്റാണ്. ഹൈന്ദവ-മുസ്ലിം വിഭാഗങ്ങൾ മാധ്യമങ്ങളെ പഴിചാരി മാറിനിൽക്കുന്നതിന് പകരം ഇക്കാര്യത്തിൽ ശരിയായ സംവാദങ്ങൾ നടത്തട്ടെ. ശരിയായ ജിഹാദ് എന്താണെന്ന് ബോധ്യപ്പെടട്ടെ.

പ്രണയിക്കുന്നവർക്ക് ഒന്നിക്കാൻ മതം തടസ്സമാവുന്ന അവസ്ഥാ വിശേഷമാണുള്ളത്. എന്നാൽ വിഭിന്ന ജാതി യിൽപ്പെട്ട രണ്ടു പേർക്ക് ഒന്നിക്കാൻ ഒരാൾ മറ്റേയാളുടെ മത വിശ്വാസം സ്വീകരിച്ചേ മതിയാവൂ എന്ന ശാഠ്യം എന്തിനാണ്? വ്യത്യസ്ത മതസ്ഥരായിട്ടും സസുഖം ഒരു പ്രശ്നവുമില്ലാതെ ഒരുമിച്ച് ജീവിക്കുന്ന എത്രയോ ദമ്പതികളെ എനിക്കറിയാം കോഴിക്കോട്ട് ഡോക്ടർമാരായ അജിത-സി.എം. അബൂബ ക്കർ, സാമൂഹിക പ്രവർത്തക അജിത-യാക്കൂബ്... അങ്ങനെ എത്രയോ പേർ... എന്റെ സുഹൃത്ത് റിട്ടയേർഡ് ഡി.എഫ്.ഒ. ശംസുൽ ഹുദ നായർ സ്ത്രീയെയാണ് വിവാഹം കഴിച്ചത്. ഇവരൊക്കെ ഒരേ വീട്ടിനകത്ത് വ്യത്യസ്തമായ ആചാരങ്ങ ളോടെ ജീവിക്കുന്നു. മതം മാറൽ പോയിട്ട് പേരു പോലും

മാറ്റാൻ ഇവരാരും തയ്യാറായില്ല എന്നത് ശ്രദ്ധേയമാണ്. കോഴി ക്കോട് അബ്ദുൽ ഖാദർ-ശാന്താ ദേവി, വയലാർ രവി-മേഴ്സി രവി... പുതുതലമുറ മാത്രമല്ല; പഴയ തലമുറയും നമ്മുടെ മുന്നിൽ മാതൃകയായിട്ടുണ്ട്. പര സ്പരം ഇഷ്ടപ്പെടുന്നവർക്ക് മുന്നിൽ മതം തടസ്സമല്ലെന്നും സ്വന്തം സ്വത്വം അടിയറവ യ്ക്കാതെ തന്നെ ഒരുമിച്ചു ജീവി ക്കാമെന്നുമുള്ള യാഥാർഥ്യം നാം തിരിച്ചറിയേണ്ടിയിരിക്കു ന്നു, ഈ തത്വം അംഗീകരിച്ചയാ ളായിരുന്നു മൗലവി ചേകനൂർ.

**Muslim Girls: Beware of RSS tactics**

**Assalamu alaikum,**

**After killing/rape of 1000s of innocent Muslim women, shameless RSS introduced a new union called SF (SMART FRIENDS) to destroy Muslims and the guys in the SF are only college/school students. Their aim is to love muslim girls. SF member aims to destroy at least one muslim girl's life n diz is the order of RSS.. Beware of SF. It is said that these fanatic Hindu guys are trained in such a way that they act like a real and sincere lover and Muslim girls may not have a slight doubt on them. They are also paid for buying gifts and other expenditure for dating Muslim girls.**

**Plz convey this message to muslim parents and muslim students specially Muslim girls.**

**RSS also distribute pamphletes to love/woo Muslim girls. Also they are**

ആർ.എസ്.എസ്. കുതന്ത്രങ്ങളെ മുസ്‌ലിം പെൺകുട്ടികൾ കരുതിയിരിക്കണമെന്ന മുന്നറിയിപ്പുമായി വർഷങ്ങൾക്കുമുമ്പ് വ്യാപകമായി പ്രചരിപ്പിക്കപ്പെട്ട ഇ-മെയിൽ സന്ദേശങ്ങളിലൊന്ന്.

ത്തിന്റെ ഖാലിദ് മൂസ നദ്‌വി അഭിപ്രായപ്പെട്ടതാണിത്. അദ്ദേഹത്തിന്റെ വീക്ഷണത്തെ മാനിക്കാം. പക്ഷേ ഒരു മുസ്‌ലിം പെൺകുട്ടി ഇങ്ങനെ മതം ത്യജിച്ച് മറ്റൊരു മതത്തിലേക്ക് പോവുമ്പോഴും ഇതേ അഭിപ്രായത്തിൽ ഉറച്ചു നിൽക്കുമോ എന്നേ അറിയാനുള്ളൂ.

തിരുവനന്തപുരത്തെ പാളയം ജമാഅത്ത് കമ്മിറ്റിയും അൽപ്പം കാര്യബോധം പ്രകടിപ്പിക്കുന്നുണ്ട്. ലൗ ജിഹാദ് എന്ന പദം അവർ ഉപയോഗിക്കുന്നില്ലെങ്കിലും ദേശവിരുദ്ധ; മതേതര വിരുദ്ധ ശക്തികൾ സമുദായാംഗങ്ങൾക്കിടയിൽ നുഴഞ്ഞു കയറാൻ ശ്രമിക്കുന്നുവെന്ന് അവർ അംഗീകരിക്കുകയുണ്ടായി.

പ്രണയം നടിച്ച് മതപരിവർത്തനം നടത്തുന്നുവെന്ന ആക്ഷേപം വസ്തുതകൾക്ക് നിരക്കുന്നതല്ലെന്ന് പറയുന്നവർ പക്ഷേ അന്വേഷണത്തെ ഭയക്കുന്നതെന്തിനാണെന്ന് മനസ്സിലാവുന്നില്ല. പ്രണയിച്ച് മിശ്രവിവാഹം നടത്തിയ സമുദായാംഗങ്ങളെക്കുറിച്ച് നടത്തുന്ന അന്വേഷണം ഉപേക്ഷിക്കണമെന്നാണ് ഒരു വിഭാഗത്തിന്റെ ആവശ്യം.

ലൗ ജിഹാദ്, റോമിയോ ജിഹാദ് എന്നീ പദങ്ങളെ പ്രചരിപ്പിക്കുന്നവർ മാപ്പർഹിക്കുന്നില്ലെന്നാണ് മുജാഹിദ് യുവജന വിഭാഗമായ ഐ.എസ്.എം ഈയിടെ കോഴിക്കോട്ട് സംഘടിപ്പിച്ച ഓപ്പൺ ഫോറത്തിൽ പ്രഖ്യാപനമുണ്ടായത്. താലിബാനെ കടത്തിവെട്ടലാണ് ഇവരുടെ ഉദ്ദേശ്യമെന്ന് തോന്നുന്നു. കടുത്ത യാഥാസ്ഥിതികരായ താലിബാൻ പോലും ഏതെങ്കിലുമൊരു പദം ഉപയോഗിക്കരുതെന്ന് കൽപ്പന പുറപ്പെടുവിച്ചതായി അറിവില്ല. മുത്തങ്ങയിൽ പൊലീസ് വെടിവയ്പുണ്ടായ സമയത്ത് നിയമസഭയിൽ അതേക്കുറിച്ചുള്ള കോലാഹലങ്ങളിൽ സഹികെട്ട സ്പീക്കർ നൽകിയ റൂളിങ്ങാണ് ഇവിടെ ഓർമ വരുന്നത്. മുത്തങ്ങ എന്ന സ്ഥലനാമം സഭയിൽ ഇനി ആരും ഉച്ചരിക്കരുത് എന്നായിരുന്നു അത്! (നമ്മുടെ മിടുക്കരായ ചില എം.എൽ.എമാർ ഔഷധ സസ്യമായ മുത്തങ്ങയെക്കുറിച്ച് സംസാരിച്ച് സ്പീക്കറുടെ വിലക്കിനെ മറികടന്നു!)

ഇനിയെങ്കിലും മുസ്‌ലിം സംഘടനകൾ ലൗ ജിഹാദ് സംഘ്പരിവാറിന്റേയും മാധ്യമങ്ങളുടേയും സൃഷ്ടിയാണെന്ന് പറഞ്ഞ് ഒഴിഞ്ഞുമാറാതെ സമുദായത്തിൽ ഇങ്ങനേയും നടക്കുന്നുണ്ടോ എന്നന്വേഷിക്കുകയും ഉണ്ടെന്ന് ബോധ്യപ്പെട്ടാൽ അതിനെതിരേ ശക്തമായി രംഗത്തുവരികയുമാണ് വേണ്ടത്. ഇസ്‌ലാം മത വിശ്വാസികളുടെ എണ്ണം കൂട്ടിയാൽ പുണ്യം കിട്ടുമെന്നും അതാണ് യഥാർഥ ജിഹാദെന്നും കരുതുന്ന തീവ്ര നിലപാടുകാർക്ക് അതൊരു താക്കീതാവട്ടെ. മതത്തിൽ ബലാൽക്കാരമില്ലെന്ന വിശുദ്ധ ഖുർആൻ വചനവും (2: 256) ജിഹാദികൾ ഓർക്കട്ടെ.

ഹെൽപ്പ്ലൈൻ

# ഖുർആന്റെ സംരക്ഷണം

**മുഫക്കിർ**

*ചോദ്യം: ഖുർആനു മുമ്പ് അവതരിപ്പിക്കപ്പെട്ട വേദങ്ങളിൽ പിന്നീട് മനുഷ്യരുടെ കൈകടത്തൽ ഉണ്ടായതായാണല്ലോ മുസ്ലിംകൾ വിശ്വസിക്കുന്നത്. അവസാന വേദ ഗ്രന്ഥമായ ഖുർആന് തന്റെ സംരക്ഷണമുണ്ടെന്ന് അല്ലാഹു പറയുന്നു. എങ്കിൽ സൂറഃ ഫാത്തിഹയിലെ 'മലിക്കിയൗമിദ്ദീൻ' എങ്ങനെ 'മാലിക്കി'യായി? ദൈവത്തിന്റെ സംരക്ഷണം ലഭിച്ച ഗ്രന്ഥമാണ് ഖുർആനെങ്കിൽ ഇങ്ങനെ മാറ്റം വരാൻ പാടില്ലല്ലോ.*

***-മുഹമ്മദ് അസ്ലം, പെരുമണ്ണ.***

ഉത്തരം: ഖുർആന് മുമ്പ് അവതരിപ്പിച്ച വേദഗ്രന്ഥങ്ങളിൽ പിന്നീട് മനുഷ്യരുടെ കൈകടത്തൽ ഉണ്ടായി എന്നത് മുസ്ലിംകളുടെ വിശ്വാസം മാത്രമല്ല; പ്രത്യുത, അതൊരു യാഥാർഥ്യം കൂടിയാണ്. ദൈവം അവതരിപ്പിച്ച ആശയങ്ങൾ മുഴുവൻ ഉൾക്കൊള്ളുന്ന വിധം ലോകത്തെവിടേയും അതൊന്നും പ്രചാരത്തിലില്ല എന്നത് തന്നെ കാരണം. ഖുർആന്റെ സ്ഥിതി ഇതല്ല. ഇസ്ലാമിന്റെ ശത്രുക്കളുടെ ഭാഗത്തുനിന്നും അതിന്റെ മിത്രങ്ങളായി അഭിനയിച്ചിരുന്നവരുടെ ഭാഗത്തു നിന്നുമായി പലപ്പോഴും അതിന്റെ ആശയങ്ങളിൽ വെള്ളം ചേർക്കാൻ ശ്രമമുണ്ടായിട്ടുണ്ട്. പക്ഷേ, അതൊന്നും തീരെ വിജയിച്ചിട്ടില്ല. 'മാലിക്കി'യുടെ പ്രശ്നം താഴെ വിശദീകരിക്കുന്നുണ്ട്.

മുഹമ്മദ് നബിയുടെ കാലത്ത് ഖുർആന് അകാര ഇകാര ഉകാരങ്ങൾ ഇട്ടിരുന്നില്ല. നബി തിരുമേനിയുടേയും യഥാർഥ അനുയായികളുടേയും കാലം കഴിഞ്ഞ് നൂറ്റാണ്ടുകൾക്ക് ശേഷം ഹജ്ജാജ് ബ്നു യൂസഫ് എന്നയാളാണ് ഇത് ചെയ്തത്. ഇദ്ദേഹമാണെങ്കിൽ രാജാക്കന്മാരുടെ ഇംഗിതത്തിനനുസരിച്ച് പ്രവർത്തിക്കുന്നയാളും ഒട്ടേറെ നിരപരാധികളെ അറുകൊല ചെയതയാളുമാണ്. എല്ലാവരും സമ്മതിക്കുന്ന ഒരു യാഥാർഥ്യമാണിത്. ഉദാഹരണത്തിന് മുജാഹിദ് പണ്ഡിതൻ വാരണാക്കര അബ്ദുൽ മജീദ് മൗലവിയുടെ നേതൃത്വത്തിൽ മലയാളത്തിൽ പുറത്തിറങ്ങിയ 'ഇസ്ലാമിക് എൻസൈക്ലോപീഡിയ' പേജ് 1024 നോക്കുക. ഖുർആൻ എല്ലാവർക്കും പാരായണ യോഗ്യമാകണമെന്നുള്ള ഉദ്ദേശ്യത്തോടെയാണ് ഹജ്ജാജ് ഇത് ചെയ്തതെന്നാണ് പറയപ്പെടുന്നത്. സത്യത്തിൽ ഖുർആൻ കേവല പാരായണത്തിനുള്ളതല്ല. മറിച്ച് കാര്യങ്ങൾ ഗ്രഹിച്ച് ആശയങ്ങൾ ഉൾക്കൊള്ളുവാനുള്ളതാണ്. അവരവരുടെ ഭാഷയിൽ വിവർത്തനം ചെയ്യപ്പെടുക എന്നതു മാത്രമാണ് അതിനുള്ള ഏകമാർഗം. ഖുർആന് 'ഹർക്കത്ത്' (അകാര ഇകാര ഉകാരം) ഇടുക എന്ന, നബിയോ സ്വഹാബിമാരോ ആരും തന്നെ ചെയ്യാത്ത പ്രവർത്തനം നൂറ്റാണ്ടുകൾ ഏറെ കഴിഞ്ഞ് ഹജ്ജാജ് ബ്നു യൂസഫ് ചെയ്തപ്പോൾ അറബി ഭാഷയ്ക്കും അതിന്റെ ഘടനയ്ക്കും വഴങ്ങാത്ത ചില പിഴവുകൾ സംഭവിച്ചിട്ടുണ്ട്. ഇത് ഖുർആന്റെ പിഴവോ ഖുർആനെ അല്ലാഹു സംരക്ഷിക്കുമെന്ന് പറഞ്ഞതിന്റെ ലംഘനമോ അല്ലെന്ന് പ്രത്യേകം ഓർക്കണം.

ഏതാണ്ട് 20 വർഷം മുമ്പ് തിരൂരങ്ങാടിയിലെ ഒരു പ്രസ്സിൽ നിന്ന് ഖുർആൻ അച്ചടിച്ച് പ്രസിദ്ധീകരിച്ചപ്പോൾ, അതിനെ കുറിച്ചൊരു പരസ്യം കൊടുത്തിരുന്നു. "ഇതിൽ എന്തെങ്കിലുമൊരു തെറ്റ് ആരെങ്കിലും ചൂണ്ടിക്കാട്ടിയാൽ അയാൾക്കൊരു ലക്ഷം രൂപ

**ഹെൽപ്പ്ലൈനിലേക്കുള്ള നിങ്ങളുടെ ചോദ്യങ്ങൾ**
**വേദ ദർശനം, മണൽത്താഴം,**
**ഗോവിന്ദപുരം പി.ഒ.,**
**കോഴിക്കോട് 673 016**
**എന്ന വിലാസത്തിലയക്കുക.**
E-mail: vedadarsanam@mail.com

# ഒടുവിൽ അവർ ഖുർആനെയും തള്ളിപ്പറഞ്ഞു!

■ ഡോ. അബ്ദുൽ ജലീൽ പുറ്റെക്കാട് |
abduljaleel1960@hotmail.com

**2009 സപ്റ്റംബർ 23ന് മുജാഹിദ് നേതാക്കളായ എ. സലാം സുല്ലമിയും അബ്ദുൽ ലത്തീഫ് കരുമ്പുലാക്കലും അലി മദനിയും ഖുർആൻ സുന്നത്ത് സൊസൈറ്റിയുമായി തിരൂരിൽ നടന്ന സൗഹൃദ സംവാദത്തിൽ ജിബ്രീൽ കൊണ്ടുവന്ന വഹ്യ് മുഴുവൻ ഖുർആനിൽ ഇല്ലെന്ന് വെട്ടിത്തുറന്ന് പറഞ്ഞിരിക്കുന്നു! (നഊദു ബില്ലാ...)**

വിശുദ്ധ ഖുർആൻ സമ്പൂർണമല്ലെന്ന മഹാ അപകടകരമായ ഖുർആൻ വിരുദ്ധ വാദം മുജാഹിദ്-ജമാഅത്തെ ഇസ്‌ലാമി മൗലവിമാർക്ക് പ്രഖ്യാപിക്കേണ്ടിവരുമെന്ന് ഏതാണ്ട് 20 വർഷം മുമ്പ് മൗലവി ചേകനൂർ പ്രസ്താവിച്ചിരുന്നു. അദ്ദേഹം തന്റെ ഖുർആൻ സുന്നത്ത് എന്ന ആശയവുമായി കേരളക്കരയിൽ പ്രബോധനം ആരംഭിച്ചപ്പോൾ അതേറ്റവും കൂടുതൽ തലവേദന സൃഷ്ടിച്ചത് പുരോഗമനവാദികൾ എന്ന് നടിക്കുന്ന യാഥാസ്ഥിതികരായ മുജാഹിദ്-ജമാഅത്ത് മൗലവിമാർക്കായിരുന്നു. അവർക്ക് മുന്നിൽ രണ്ട് വഴികളേ ഉണ്ടായിരുന്നുള്ളൂ.

ഒന്ന്: സുന്നികളെപ്പോലെ എല്ലാ ഹദീസ് ഗ്രന്ഥങ്ങളും കണ്ണടച്ച് വിശ്വസിച്ച് ഖുർആൻ വിരുദ്ധമായ അഞ്ച് നേരത്തെ നമസ്കാരവും ബാങ്കും അബദ്ധങ്ങളുടെ ഘോഷയാത്രയായ അത്തഹിയ്യാത്തും ആമീനും 'ഹേ മുഹമ്മദ് നബിയേ, നിനക്ക് അല്ലാഹുവിന്റെ രക്ഷയുണ്ടാകട്ടെ' (അസ്സലാമു അലൈക്ക അയ്യുഹന്നബിയ്യു) എന്ന ശിർക്കൻ വിളിയുമടങ്ങിയ നമസ്കാര രൂപവുമൊക്കെയായി ഖുർആനെ പറ്റേ അവഗണിച്ച് സാക്ഷാൽ അറബി ജാഹിലിയ്യത്തിൽ അധിഷ്ഠിതമായ അഹ്‌ലുസ്സുന്നത്ത് വൽ ജമാഅത്ത് എന്ന അറേബ്യൻ പാരമ്പര്യ മതത്തിലേക്ക് തിരിച്ചുപോവുക.

രണ്ട്: എല്ലാ ഹദീസ് ഗ്രന്ഥങ്ങളും ഖുർആൻ വിരുദ്ധമാണെന്നും അതെല്ലാം മുആവിയയുടേയും അബൂ ഹുറൈറയുടേയും ചില അറബി ഗോത്രങ്ങളുടേയും ഒത്താശയോടെ അമവികളും അബ്ബാസികളും ഖുർആന് എതിരായി കെട്ടിയുണ്ടാക്കിയ സമാന്തര വേദങ്ങളാണെന്നും ഉറക്കെ പ്രഖ്യാപിച്ച് ഖുർആൻ സുന്നത്ത് പ്രസ്ഥാനത്തിലേക്ക് (ഖുർആനിലേക്ക്) മടങ്ങുക.

അല്ലാതെ ഒരേ സമയം രണ്ട് തോണിയിലും കൂടി (ഖുർആനിലും ഹദീസിലും) കാൽവച്ചുള്ള മുജാഹിദ്-ജമാഅത്ത് മൗലവിമാരുടെ ഈ യാത്ര ഭൂഷണമല്ലെന്ന് ആ മഹാപണ്ഡിതൻ അന്ന് പ്രഖ്യാപിച്ചിരുന്നു. ആത്മാർഥതയുള്ള ഖുർആൻ പണ്ഡിതരെല്ലാം ഖുർആനിലേക്ക് മടങ്ങുമെന്നും അദ്ദേഹം പ്രഖ്യാപിച്ചിരുന്നു. സുന്നി മൗലവിമാരെപ്പോലെ അബൂ ഹുറൈറയോടും മുആവിയയോടും അവരുടെ മതമായ അഹ്‌ലുസ്സുന്നത്ത് വൽ ജമാഅത്തിനോടുമുള്ള മുജാഹിദ്-ജമാഅത്ത് മൗലവിമാരുടെ അന്ധമായ പ്രേമം ഖുർആൻ സമ്പൂർണമല്ലെന്ന അപകടകരമായ വാദത്തിൽ മുജാഹിദ്-ജമാഅത്ത് മൗലവിമാരേയും എത്തിക്കുമെന്ന് മൗലവി ചേകനൂർ

---

ഇനാം" എന്നതായിരുന്നു പരസ്യം. ഇവിടെ 'തെറ്റ്' എന്നതുകൊണ്ട് അതിന്റെ ആശയങ്ങളിലുള്ള തെറ്റാണ് ഉദ്ദേശ്യമെന്ന് ആരും ധരിക്കില്ലല്ലോ. മറിച്ച് അതിന്റെ അകാര ഇകാരങ്ങളെ കുറിച്ചാണ് ആ പ്രസ്താവന എന്ന് ഏവർക്കുമറിയാം. അപ്പോൾ, അല്ലാഹുവിന്റെ സംരക്ഷണം ഖുർആന്റെ ഹർക്കത്തുകൾക്കല്ല; പ്രത്യുത, സുന്ദരവും അന്യൂനവുമായ അതിന്റെ ആശയങ്ങൾക്കാണ്. ഏതൊരു ശക്തിക്കും ഒരു കാലത്തും ഒരു മാറ്റവും വരുത്താൻ കഴിയാത്തവിധം പരിശുദ്ധവും പരിപൂർണവും സർവോപരി പ്രായോഗികവുമായി എക്കാലത്തും അതിനെ നിലനിർത്തു

പ്രവചിച്ചത് ഇന്ന് സത്യമായി പുലർന്നിരിക്കുന്നു. 2009 സപ്റ്റംബർ 23ന് മുജാഹിദ് നേതാക്കളായ എ. സലാം സുല്ലമിയും അബ്ദുൽ ലത്തീഫ് കരുമ്പുലാക്കലും അലി മദനിയും ഖുർആൻ സുന്നത്ത് സൊസൈറ്റിയുമായി തിരൂരിൽ നടന്ന സൗഹൃദ സംവാദത്തിൽ അതുറക്കെ പ്രഖ്യാപിച്ചിരിക്കുന്നു. ജിബ്രീൽ കൊണ്ടുവന്ന വഹ്‌യ് മുഴുവൻ ഖുർആനിൽ ഇല്ലെന്ന് അവർ വെട്ടിത്തുറന്ന് പറഞ്ഞിരിക്കുന്നു! (നഊദു ബില്ലാ...)

## ജിബ്‌രീൽ കൊണ്ടുവന്ന വഹ്‌യ് മുഴുവൻ ഖുർആനിൽ ഇല്ലത്രെ!

ഇത് സമ്പൂർണവും സ്പഷ്ടവും സുവ്യക്തവുമാണെന്ന ദൈവത്തിന്റെ ആവർത്തിച്ചുള്ള പ്രഖ്യാപനത്തെ തുരങ്കം വയ്ക്കുന്ന മഹാ ശിർക്കൻ വാദമാണ് ജിബ്‌രീൽ കൊണ്ടുവന്ന വഹ്‌യ് മുഴുവൻ ഖുർആനിൽ ഇല്ലെന്നത്. വിശുദ്ധ ഖുർആൻ പറയുന്നത് കാണുക:

“അല്ലാഹുവിന് കീഴ്പ്പെട്ട് ജീവിക്കുന്നവർക്കെല്ലാം (മുസ്‌ലിംകൾക്കെല്ലാം) സന്തോഷ വാർത്തയായും വലിയ ഒരനുഗ്രഹമായും മതപരമായ എല്ലാ പ്രശ്നങ്ങൾക്കും പരിപൂർണ വിശദീകരണമായുമാണ് ഈ മഹത്തായ ഗ്രന്ഥം നിനക്ക് നാം അവതരിപ്പിച്ച് തന്നിരിക്കുന്നത്.” (16:89)

“(പറയുക) അപ്പോൾ വിധികർത്താവായി നാം അന്വേഷിക്കേണ്ടത് അല്ലാഹുവല്ലാത്തവരെയാണോ? അവനാവട്ടെ വിശദവിവരങ്ങളുള്ള വേദഗ്രന്ഥം നിങ്ങൾക്കിറക്കിത്തന്നവനാകുന്നു. അത് സത്യവുമായി നിന്റെ രക്ഷിതാവിങ്കൽ നിന്നിറക്കപ്പെട്ടതാണെന്ന് നാം മുമ്പ് വേദം നൽകിയവർക്കറിയാം. അതിനാൽ നീ ഒരിക്കലും സംശയാലുക്കളിൽ പെട്ടുപോകരുത്. നിന്റെ രക്ഷിതാവിന്റെ വചനം (ഖുർആൻ) സത്യത്തിലും നീതിയിലും പരിപൂർണമായിരിക്കുന്നു. അവന്റെ വചനങ്ങൾക്ക് മാറ്റം വരുത്താൻ ആരുമില്ല. അവൻ എല്ലാം കേൾക്കുന്നവനും അറിയുന്നവനുമത്രെ.” (6:114,115)

“തീർച്ചയായും നിങ്ങൾക്ക് നാം ഒരു ഗ്രന്ഥം അവതരിപ്പിച്ചുതന്നിട്ടുണ്ട്. നിങ്ങൾക്കുള്ള ഉദ്ബോധനം അതിലുണ്ട്. എന്നിട്ടും നിങ്ങൾ ചിന്തിക്കുന്നില്ലേ?”(21:10) എന്നിങ്ങനെ നൂറുകണക്കിന് സൂക്തങ്ങളിലൂടെ (16:89, 12:111, 6:114 –115, 25:33, 4:26, 17:89, 21:10...) ഖുർആൻ പ്രഖ്യാപിച്ചിട്ടും അതിനൊന്നും പുല്ലുവില പോലും നൽകാതെ മുആവിയയുടെ മുഖം രക്ഷിക്കാൻ ഖുർആൻ അപൂർണമാണെന്ന് പ്രഖ്യാപിച്ച ഈ സുന്നി-മുജാഹിദ്-ജമാഅത്ത് മൗലവിമാരോട് എന്ത് പറയാൻ! ഖുർആൻ നിഷേധികൾക്കുള്ളത് ആളിക്കത്തുന്ന അഗ്നിയാണെന്ന് പല ശൈലിയിലായി ഒട്ടേറെ സ്ഥലങ്ങളിൽ ഖുർആൻ പറഞ്ഞത് ഇവർ കണ്ടിരുന്നെങ്കിൽ...!



‘‘നമ്മെ തോല്പിച്ചുകളയാമെന്ന വ്യാമോഹവുമായി നമ്മുടെ വചനങ്ങളെ (ഖുർആനെ) എതിർക്കുന്നതിനായി പരിശ്രമിച്ചവരാരോ അവർക്കത്രെ വേദനാജനകമായ കഠിന ശിക്ഷയുള്ളത്.” (34:5)

“അല്ലാഹുവിന്റെ വചനങ്ങളിൽ (ഖുർആനിൽ) വിശ്വസിക്കാത്തവരാരോ അവരെ അല്ലാഹു നേർവഴിയിൽ ആക്കുകയില്ല; തീർച്ച. അവർക്ക് വേദനാജനകമായ ശിക്ഷ ഉണ്ടായിരിക്കുന്നതുമാണ്.” (16:104,102)

“തീർച്ചയായും നമ്മുടെ വചനങ്ങൾ (ഖുർആൻ) നിഷേധിച്ചവരെ നാം നരകത്തിലിട്ട് കരിക്കുന്നതാണ്. അവരുടെ തൊലികൾ വെന്തുപോകുമ്പോഴെല്ലാം അവർക്ക് നാം പകരം തൊലികൾ മാറ്റിക്കൊടുക്കുന്നതാണ്! അവർ ശിക്ഷ ‘ആസ്വദിച്ചുകൊണ്ടിരിക്കുവാൻ’ വേണ്ടിയാണത്. തീർച്ചയായും അല്ലാഹു പ്രതാപവാനും യുക്തിവാനുമാകുന്നു. (4:54-60). 4:140, 4:47, 4:55–56, 7:146-147, 7:156, 7:177, 6:5, 6:33, 6:44, 6:93, 25:27-30, 3:187, 16:104, 18:101-105, 34:5 എന്നീ സൂക്തങ്ങളും പരിശോധിക്കുക.

ഖുർആൻ സമ്പൂർണമല്ലെന്നും അതിൽ നിന്ന് ചില വചനങ്ങളൊക്കെ വിട്ടുകയെന്നതാണ്, “നാം അതിനെ സംരക്ഷിക്കുമെന്ന്” അല്ലാഹു പറഞ്ഞതിന്റെ സാരം. ആ നിലയിൽ അത് സംരക്ഷിക്കപ്പെട്ടിട്ടുണ്ട്താനും. മേൽ സൂചിപ്പിച്ച വിധമുള്ള (അറബി ഭാഷയ്ക്കും ഘടനയ്ക്കും വഴങ്ങാത്ത വിധം ഹർക്കത്തിടപ്പെട്ട) മുസ്ഹഫുകളാണ് കേരളത്തിൽ പൊതുവെ ഉള്ളതെങ്കിലും ഇപ്പോൾ സൗദി അറേബ്യയിൽ നിന്നും മറ്റും അതെല്ലാം ശരിയാക്കി അച്ചടിച്ച് വിതരണം ചെയ്തു തുടങ്ങിയിട്ടുണ്ട്. അതിന്റെ കോപ്പികൾ ഇപ്പോൾ നമ്മുടെ കയ്യിലുമുണ്ട്. അതിൽ ‘ഫാത്തിഹയിൽ ‘മാലിക്കി’യെന്നല്ല ‘മലിക്കി’ എന്ന് തന്നെയാണുള്ളത്.

**അഞ്ച് നേരം അറബി ഭാഷയിൽ പ്രാർഥിക്കണം; അല്ലാത്തവരൊക്കെ നരകത്തിലെ വിറകാണ്; നബി തിരുമേനിയുടെ വരവോടെ-ഖുർആന്റെ വരവോടെ-ലോകത്തുവന്ന എല്ലാ ദൈവിക ഗ്രന്ഥങ്ങളും അസാധുവായി എന്നിങ്ങനെയുള്ള ഖുർആൻ വിരുദ്ധ സിദ്ധാന്തങ്ങളൊന്നും പ്രവാചകൻ പഠിപ്പിച്ചിരുന്നില്ല.**

പോയിട്ടുണ്ടെന്നും അറേബ്യയിൽ ആദ്യമായി കള്ള ഹദീസുകളുണ്ടാക്കി പ്രചരിപ്പിച്ചത് മുആവിയയ്ക്ക് വേണ്ടി അബൂ ഹുറൈറയും 800 ശിഷ്യൻമാരുമായിരുന്നു. നബി തിരുമേനി മുതൽ ഖലീഫാ ഉമർ വരെയുള്ള പുണ്യാത്മാക്കൾ വളരെ ത്യാഗം ചെയ്ത് വളർത്തിയെടുത്ത ഇസ്ലാമിക ജനാധിപത്യ ഭരണം അവസാനിപ്പിക്കുകയും ഇസ്ലാമിൽ ആദ്യമായി ഖുർആൻ വിരുദ്ധമായ രാജഭരണം കൊണ്ടുവരികയും ചെയ്ത കപട വിശ്വാസിയായിരുന്നു മുആവിയ. ഖുർആന് പകരം ഹദീസുകൾ ഉണ്ടാക്കിയ; ഇസ്ലാമിന് പകരം ഖുർആനില്ലാതെ അഹ്ലുസ്സുന്നത്ത് വൽ ജമാഅത്ത് എന്ന അറേബ്യൻ പാരമ്പര്യ മതം ഉണ്ടാക്കിയ അവർ നബിക്കും ഖുർആനും എതിരെ കെട്ടിയുണ്ടാക്കിയ ഒരു കള്ള ഹദീസ് ശ്രദ്ധിക്കുക: "ഉമർ പറഞ്ഞു; മുഹമ്മദ് നബിയെ അല്ലാഹു സത്യവും കൊണ്ടയച്ചു. അവിടുത്തേക്ക് അല്ലാഹു ഖുർആൻ നൽകി. വ്യഭിചാരിയെ എറിഞ്ഞുകൊല്ലണമെന്ന വചനം ഖുർആനിലുണ്ടായിരുന്നു. ഇപ്പോൾ അത് ഖുർആനിൽ കാണുന്നില്ല." (ബുഖാരി-2169)

നോക്കണം; വ്യഭിചാരം മ്ലേച്ഛവൃത്തിയാണെന്നും നിങ്ങൾ അതിനോട് അടുക്കരുതെന്നും വ്യഭിചാരക്കുറ്റം തെളിഞ്ഞാൽ ആ പുരുഷന്നും സ്ത്രീക്കും 100 അടി നൽകണമെന്നും അത് അടിമ സ്ത്രീകളാണെങ്കിൽ പകുതി ശിക്ഷ നൽകണമെന്നും നബിയുടെ പത്നിമാരാണ് ഇത് ചെയ്തതെങ്കിൽ ഇരട്ടി ശിക്ഷ നൽകണമെന്നുമൊക്കെ പഠിപ്പിച്ച ഖുർആൻ ദുർബലപ്പെടുത്തിയാണ് വ്യഭിചാരിയെ എറിഞ്ഞുകൊല്ലണമെന്ന അറേബ്യൻ ജൂതൻമാരുടെ പാരമ്പര്യനിയമം മുആവിയ ഇസ്ലാമിൽ (അറേബ്യയിൽ) വീണ്ടും ഖുർആനും സുന്നത്തും എന്ന കപട മുദ്രാവാക്യവുമായി നടപ്പാക്കാൻ തുടങ്ങിയത്. മുആവിയ സ്ഥാപിച്ച ഖുർആൻ വിരുദ്ധ രാജഭരണം (സുന്നീ ഭരണം) 92 വർഷം നീളുകയും ചെയ്തു. ആ കാലഘട്ടത്തിൽ വന്ന അമവീ രാജാക്കൻമാരും ഗവർണർമാരും തങ്ങളുടെ ഖുർആൻ വിരുദ്ധ ചിന്താഗതികളും നടപടിക്രമങ്ങളും നടപ്പാക്കാൻ കള്ള ഹദീസുകൾ രചിച്ചുകൊണ്ടിരുന്നു. തങ്ങളുടെ ദുർഭരണത്തിൽ നിന്നും ആഡംബരജീവിതത്തിൽ നിന്നും സാധാരണജനത്തിന്റെ ശ്രദ്ധതിരിക്കാൻ അവരെ ആചാരങ്ങളിലും അന്ധവിശ്വാസങ്ങളിലും അമിതമായ ആരാധനാ ഭ്രാന്തിലും കുരുക്കിയിട്ടാണ് അമവീ രാജാക്കന്മാർ അവരുടെ ഖുർആനില്ലാത്ത സുന്നീ ഭരണം നിലനിർത്തിയിരുന്നത്.

പിന്നീട് അമവീഭരണം അട്ടിമറിച്ച് അബ്ബാസികൾ ഇറാഖ് ആസ്ഥാനമാക്കി 500 വർഷം ഭരിച്ചപ്പോൾ മായം കലർന്ന ശിയാഇസത്തെ അവരും പ്രോത്സാഹിപ്പിച്ചു. ഖുർആനും അഹ്ലുൽ ബൈത്തും എന്നതായിരുന്നു അവരുടെ മുദ്രാവാക്യം. സുന്നികൾ അറേബ്യൻ സംസ്കാരത്തിനും പാരമ്പര്യത്തിനും അമിത പ്രാധാന്യം നൽകിയപ്പോൾ ശിയാക്കൾ മുആവിയയുടെ കൊടും ശത്രുവായിരുന്ന അലിയെ ദൈവമാക്കി നബി കുടുംബത്തിന്; അഹ്ലുൽ ബൈത്തിന് അമിത പ്രാധാന്യം നൽകി അമവികളെ അടിച്ചമർത്തി. അങ്ങനെ നബി അറേബ്യയിൽ കൊണ്ടുവന്ന സംസ്കാരിക-സാമൂഹിക വിപ്ലവം രണ്ട് അറേബ്യൻ രാഷ്ട്രീയ സംഘടനകളായി (സുന്നികളും ശിയാക്കളുമായി) പിളർന്നു.

നബി തിരുമേനി മുതൽ ഖലീഫാ ഉമർ വരെയുള്ളവരുടേത് ദൈവിക ജനാധിപത്യ ഭരണമായിരുന്നു. തിരഞ്ഞെടുക്കപ്പെട്ട ഗോത്ര പ്രതിനിധികളുടെ സഹായത്തോടെ നീതിയിലും നന്മയിലും അധിഷ്ഠിതമായ മാതൃകാ ഭരണമായിരുന്നു നബി തിരുമേനി മദീന ആസ്ഥാനമാക്കി സ്ഥാപിച്ചത്. ഖുർആൻ അനുസരിച്ചുള്ള നീതിയും നന്മയും ജനത്തിന്റെ സംതൃപ്തിയുമായിരുന്നു നബിയുടേയും ഖലീഫാ ഉമറിന്റേയും ലക്ഷ്യം. അവിടെ അറേബ്യൻ സംസ്കാരത്തിനോ പാരമ്പര്യത്തിനോ അറബി ഭാഷയ്ക്കോ സ്വന്തം കുടുംബത്തിനോ ഒരു പ്രാധാന്യവും നബി തിരുമേനി മുതൽ ഖലീഫാ ഉമർ വരെയുള്ള ഭരണാധികാരികൾ നൽകിയിരുന്നില്ല.

അഞ്ച് നേരം അറബി ഭാഷയിൽ പ്രാർഥിക്കണം; അല്ലാത്തവരൊക്കെ നരകത്തിലെ വിറകാണ്; നബി തിരുമേനിയുടെ വരവോടെ-ഖുർആന്റെ വരവോടെ-ലോകത്തുവന്ന എല്ലാ ദൈവിക ഗ്രന്ഥങ്ങളും അസാധുവായി

എന്നിങ്ങനെയുള്ള ഖുർആൻ വിരുദ്ധ സിദ്ധാന്തങ്ങളൊന്നും പ്രവാചകൻ പഠിപ്പിച്ചിരുന്നില്ല. നബി തിരുമേനി മുതൽ ഖലീഫാ ഉമർ വരെയുള്ള ഭരണാധികാരികളുടെ അജൻഡയിൽ അത്തരം ഖുർആൻ വിരുദ്ധ ചിന്താഗതികളോ പാഠ്യപദ്ധതികളോ ഉണ്ടായിരുന്നില്ല. നീതിയിലും നന്മയിലും അധിഷ്ഠിതമായ നബിയുടെ ഇസ്‌ലാമിക (ഖുർആനിക) രാഷ്ട്രത്തിന്റെ മുന്നേറ്റത്തിൽ അന്നത്തെ ലോകമഹാ ശക്തികളായിരുന്ന പേർഷ്യൻ-റോമാ സാമ്രാജ്യങ്ങൾ അറേബ്യൻ ചുണക്കുട്ടികളുടെ ഭരണത്തിൻ കീഴിലായി. ഇന്നത്തെ അമേരിക്കയ്ക്കും ഇംഗ്ലണ്ടിനും ഫ്രാൻസിനുമൊക്കെ തുല്യമായി അക്കാലത്ത് ലോക മഹാ ശക്തികളായി നിലനിന്നിരുന്ന രാഷ്ട്രങ്ങളായിരുന്നു ഫെർടൈൽ ക്രസന്റ് എന്ന പേരിൽ ഇറാഖും സിറിയയും ഈജിപ്തു മുൾപ്പെടുന്ന പേർഷ്യൻ, റോമാ സാമ്രാജ്യങ്ങൾ. നബിയുടെ കാലത്ത് കാലികളെ മേയ്ച്ചും കച്ചവടം ചെയ്തും മരുഭൂമിയിൽ അലഞ്ഞുനടന്ന അറേബ്യൻ ഗോത്രങ്ങളിലെ യുവാക്കളെ ഖലീഫാ ഉമറിന്റെ കാലമായപ്പോഴേക്കും ഇറാൻ, ഇറാഖ്, ഈജിപ്ത്, സിറിയ തുടങ്ങിയ നാടുകളിൽ രാജാക്കൻമാരും ഗവർണർമാരും വൈസ്രോയിമാരുമൊക്കെയാക്കി മാറ്റാൻ ആ ദൈവദൂതനും ഖുർആനും കഴിഞ്ഞു. അങ്ങനെ അറബികൾക്ക്-ദിശാബോധം നഷ്ടപ്പെട്ട് ആ മണലാരണ്യത്തിൽ അലഞ്ഞുതിരിഞ്ഞ് ജീവിച്ച അറബികൾക്ക്-ആദ്യമായി വിദ്യാഭ്യാസവും സംസ്കാരവും സാമൂഹികബോധവും ഏകദൈവ വിശ്വാസത്തിലധിഷ്ഠിതമായ പൗരബോധവും ദേശീയബോധവുമൊക്കെ ഉണ്ടാക്കിയത് മുഹമ്മദ് നബി തിരുമേനിയും വിശുദ്ധ ഖുർആനുമായിരുന്നു. അറബികൾക്ക് സ്വന്തമായി ഒരു ദൈവിക ജനാധിപത്യ രാഷ്ട്രവും ഭരണഘടനയും ബൈത്തുൽമാലുമൊക്കെ (Public Finance) ഉണ്ടാക്കാമെന്ന് ആ ദൈവദൂതൻ സ്വന്തം പ്രയത്നത്തിലൂടെ കാട്ടിക്കൊടുത്തു. അന്നത്തെ വൻശക്തികളായിരുന്ന റോമാ, പേർഷ്യൻ സാമ്രാജ്യങ്ങളോടൊപ്പം-പിന്നീട് ആ സാമ്രാജ്യങ്ങളെ കീഴടക്കി അവരെക്കാളും എത്രയോ ഉയരത്തിൽ-ലോകസമൂഹത്തിൽ തലയുയർത്തിനടക്കാൻ അറബികളെ പഠിപ്പിച്ചത് മുഹമ്മദ് എന്ന ദൈവദൂതനും വിശുദ്ധ ഖുർആനുമായിരുന്നു.

എന്നാൽ മദീന ആസ്ഥാനമാക്കിയുള്ള ഇസ്‌ലാമിന്റെ ആ നല്ല നാളുകൾ അധികകാലം നീണ്ടില്ല. തങ്ങൾ തോല്പിച്ച റോമാക്കാരുടെ ആസ്ഥാനമായ സിറിയ (ഡമാസ്കസ്) കേന്ദ്രമാക്കി മുആവിയ ഖുർആൻ വിരുദ്ധ രാജഭരണം കൊണ്ടുവന്നു. ആഡംബരത്തോടെയും തന്നിഷ്ടത്തോടെയും ഭരിക്കാൻ ഖുർആൻ മാത്രമായാൽ സാധ്യമാകുമായിരുന്നില്ല. അങ്ങനെയാണ് മുആവിയ ഖുർആനും നബിചര്യയും എന്ന കപട മുദ്രാവാക്യവുമായി തന്റെ ഖുർആൻ വിരുദ്ധ സുന്നീ ഭരണം 92 വർഷം നിലനിർത്തിയത്. എല്ലാ ദുർഭരണത്തിനും ഒരവസാനമുണ്ടാവുമല്ലോ. അമവികളുടെ ദുർഭരണം അവസാനിപ്പിച്ച് അബ്ബാസികളും നബി കുടുംബത്തിലെ ചില പ്രമുഖരും ബാഗ്ദാദ് (ഇറാഖ്) ആസ്ഥാനമായി പുതിയ ഇസ്‌ലാമിക ഭരണം കൊണ്ടുവന്നു. പക്ഷേ ഭരണം കൈയിൽ വന്നപ്പോൾ തങ്ങൾ തോല്പിച്ച പഴയ പേർഷ്യക്കാരെപ്പോലെ ആഡംബരത്തിൽ ഭരിക്കാനാണ് ചില അബ്ബാസി ഖലീഫമാർ തീരുമാനിച്ചത്. അതിനാണ് മദീനയ്ക്ക് പകരം അവർ ബാഗ്ദാദ് തന്നെ തിരഞ്ഞെടുത്തത്. തങ്ങളുടെ ഖുർആൻ വിരുദ്ധ; സുന്നീ വിരുദ്ധ ചിന്താഗതികൾ ന്യായീകരിക്കാൻ ഖുർആനും അഹ്‌ലുൽ ബൈത്തും എന്ന ശിയാ മുദ്രാവാക്യത്തെ അവരും പ്രോത്സാഹിപ്പിച്ചു. അങ്ങനെ അവർ ആഡംബരത്തോടെ 500ൽപരം വർഷം ഭരിച്ചു.

അമവികൾക്കും അബ്ബാസികൾക്കും (സുന്നികൾക്കും ശിയാക്കൾക്കും) ആഡംബരത്തിൽ ഭരിക്കാൻ ഖുർആൻ ദുർബലപ്പെടുത്തേണ്ടത് അത്യാവശ്യമായിരുന്നു. അതിനാണ് ഖുർആൻ അപൂർണമാണെന്ന് സ്ഥാപിച്ച് രണ്ട് കൂട്ടരും (അമവികളും അബ്ബാസികളും) സുന്നത്തും അഹ്‌ലുൽ ബൈത്തും എന്ന പേരിൽ ഓരോ പ്രസ്ഥാനമുണ്ടാക്കി അത് (ഹദീസുകൾ) ഖുർആനോട് ചേർത്തുപിടിച്ചത്. തങ്ങളുടെ ദുർഭരണം നിലനിർത്താൻ ഖുർആൻ അപൂർണമാണെന്ന് വാദിക്കൽ അമവികളുടെയും അബ്ബാസികളുടെയും ആവശ്യമായിരുന്നു. ജിബ്‌രീൽ കൊണ്ടുവന്ന വഹ്‌യ് മുഴുവൻ ഖുർആനിലില്ല എന്ന് പ്രഖ്യാപിച്ചതിലൂടെ; ഖുർആൻ അപൂർണമാണെന്ന് പ്രഖ്യാപിച്ചതിലൂടെ സലാം സുല്ലമിയും അബ്ദുൽ ലത്തീഫ് കരുമ്പുലാക്കലും അലി മദനിയുമൊക്കെ ഖുർആൻ അപൂർണമാണെന്ന ആ സുന്നി-ശിയ വാദങ്ങൾക്ക് ഓശാനപാടുക മാത്രമാണ് ചെയ്യുന്നത്. അതിന്റെ പരിണിതഫലം ഈ സമൂഹം അനുഭവിക്കേണ്ടി വരും.

●

## സൃഷ്ടികൾ ക്ഷണിക്കുന്നു

വേദ ദർശനത്തിലേക്ക് സൃഷ്ടികൾ ക്ഷണിക്കുന്നു. പ്രസിദ്ധീകരിക്കാത്തവ തിരിച്ച് കിട്ടണമെങ്കിൽ മതിയായ സ്റ്റാമ്പ് പതിച്ച കവർ കൂടി മാറ്ററിനോടൊപ്പം അയക്കേണ്ടതാണ്.

-എഡിറ്റർ



# മതേതര ഇന്ത്യയിൽ മതന്യൂനപക്ഷങ്ങളുടെ പങ്ക്

■ ഷംസു പേങ്ങാട് |
shamsu47@gmail.com

ഇന്ത്യൻ ഭരണഘടന മതന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുമെന്ന് ഉറപ്പ് നൽകുന്നുണ്ട്. ഭരണഘടനാ വ്യവസ്ഥകൾ പാലിക്കുന്നതോടൊപ്പം തന്നെ മതന്യൂന പക്ഷങ്ങൾ ഒരു മതേതര രാഷ്ട്രത്തിൽ പാലിക്കേണ്ട മര്യാദകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും അത്യന്താപേക്ഷിത മാണ്. ഭാരതത്തെ മതേതര രാജ്യമായി നിലനിർത്തേണ്ടത് ഭൂരി പക്ഷ സമുദായത്തേക്കാൾ ന്യൂനപക്ഷ സമുദായങ്ങൾ തങ്ങളുടെ ബാധ്യതയായി കരുതേണ്ടതുണ്ട്. മതപരിവർത്തനം, പ്രഹസന മാകുന്ന മതഘോഷയാത്രകൾ, പൊതുസ്ഥലങ്ങളിലുള്ള ആരാ ധനകൾ തുടങ്ങി മതസഹിഷ്ണുതയുടെ സീമകൾ ലംഘിക്കുന്ന വിധത്തിലുള്ള ആഭാസങ്ങളും നടപടികളും ഒഴിവാക്കാൻ മത ന്യൂനപക്ഷങ്ങൾ തയ്യാറാവണം. വിശുദ്ധ ഖുർആൻ സർവമത സത്യവാദം അതിന്റെ യഥാർഥ അർഥത്തിൽ വിശദീകരിച്ചിരി ക്കുന്നു. ഇന്നല്ലദീന ആമനൂ വല്ലദീന ഹാദൂ വന്നസാറ വസാബി ഈന മൻ ആമനബില്ലാഹി വൽ യൗമിൽ ആഖിരി എന്ന സൂക്ത ത്തിൽ ദൈവത്തിലും അന്ത്യനാളിലും വിശ്വാസമുള്ളവർ ഏതുമ തക്കാരാണെങ്കിലും അവർക്കു വിജയമുണ്ടെന്നു ഖുർആൻ പ്രഖ്യാ പിക്കുന്നുവെന്നിരിക്കേ മതം മാറ്റത്തിന് എന്ത് പ്രസക്തിയാ ണുള്ളത്? മതപരിവർത്തനം സൃഷ്ടിക്കുന്ന പ്രശ്നങ്ങളാണ് പലപ്പോഴും ഭാരതത്തിൽ വർഗീയ ലഹളയ്ക്കുവരെ കാര ണമാകുന്നത്. ഒരാൾ മതം മാറു ന്നതിൽ ഒരു പ്രാധാന്യവുമില്ല. അയാൾ സ്വയം നന്നാവുക യാണ് വേണ്ടത്. മതംമാറ്റം വഴി വ്യക്തിക്കോ സമൂഹത്തിനോ ഒരു നേട്ടവും ഉണ്ടാവുന്നില്ല.

മതഘോഷയാത്രകൾ സൃഷ്ടിക്കുന്ന മുറിവുകളും ഭാര തത്തിൽ ഭയാനകമാണ്. മതം തെരുവിൽ അഴിഞ്ഞാടാനുള്ളത ല്ല. സദാചാരത്തിന്റെ, മാന്യത യുടെ, സഭ്യതയുടെ, സംസ്കാ



രത്തിന്റെ സർവസീമകളും ലംഘിച്ച് അന്യമത വിദ്വേഷം സ്ഫുരിക്കുന്ന മതഘോഷയാത്രകൾ ന്യൂനപക്ഷങ്ങൾക്കു അന്തസ്സിന്റെ പ്രതീകമല്ലെന്ന തിരിച്ചറിവാണ് ആദ്യം വേണ്ടത്. മതം കൊണ്ട് തെരുവിൽ ആഭാസനൃത്തങ്ങളാടുന്നത് ഭൂരിപക്ഷ സമുദായത്തിൽ നിന്ന് വെറുപ്പ് വിളിച്ചു വരുത്തുന്നതും ഉത്തമമായ സഹവർത്തിത്വത്തിന് ഹാനികരമാവുന്നതുമാണെന്ന് ഉൾക്കൊള്ളേണ്ടതുണ്ട്. നിങ്ങൾ ഭൂമിയിൽ അഹങ്കരിച്ചു നടക്കരുതെന്ന ഖുർആന്റെ താക്കീത് ഇവിടെ സ്മരണീയമാണ്. മതം മദമായി മാറുന്ന മതഘോഷയാത്രകൾ ഒഴിവാക്കുകയാണ് എല്ലാവരും ചെയ്യേണ്ടത്. വിശേഷിച്ചും മതന്യൂനപക്ഷങ്ങൾ ഇത് ഉൾക്കൊണ്ട് പ്രവർത്തിക്കുക തന്നെ വേണം. "ലകും ദീനുകും വലിയ ദീൻ," നിങ്ങൾക്കു നിങ്ങളുടെ മതം, എനിക്കെന്റെ മതം എന്ന വിശുദ്ധ ഖുർആന്റെ അധ്യാപനം വിസ്മരിക്കുന്നതാണ് മതസ്പർധയ്ക്കു വഴിവയ്ക്കുന്നത്.

ഭാരതത്തിന് ശാപമായ വർഗീയത പടർന്നു പന്തലിച്ചതിനുള്ള പ്രധാന കാരണം മതന്യൂനപക്ഷങ്ങൾ; വിശേഷിച്ച് മുസ്ലിം സമുദായം വിശുദ്ധ ഖുർആന്റെ ശാസനകൾ മറന്ന് പ്രവർത്തിച്ചതാണെന്നത് നിഷേധിക്കാനാകാത്ത വസ്തുതയാണ്. ഖുർആന്റെ അടിസ്ഥാന തത്വങ്ങൾ മറന്ന് കേവലാരാധനകൾക്കും പൊങ്ങച്ചങ്ങൾക്കും ആഭാസങ്ങൾക്കും പിന്നാലെ സമുദായം നടന്നു നീങ്ങിയപ്പോൾ ഖുർആൻ വിശേഷിപ്പിച്ച ഉത്തമ സമുദായം വർഗീയതയുടെയും ഭീകരവാദത്തിന്റെയും പര്യായമായി മുദ്രകുത്തപ്പെട്ടു. ഗുജറാത്തിൽ വർഗീയ കലാപങ്ങൾക്കു ആരംഭം കുറിച്ച ഗോധ്ര സംഭവം ഇതിന്റെ ഏറ്റവും നല്ല ഉദാഹരണമാണ്. അയോധ്യയിൽ ബാബരി മസ്ജിദ് തകർത്ത കർസേവകർ സഞ്ചരിച്ച തീവണ്ടി മതാവേശത്താൽ ചിലർ അഗ്നിക്കിരയാക്കിയതാണല്ലോ അനേകം പേരുടെ ജീവൻ അപഹരിച്ച ഗോധ്ര സംഭവം. അയോധ്യയിൽ പള്ളി പണിതാൽ ഇസ്ലാമിനെന്ത് നേട്ടം? അവിടെ പള്ളി പണിതില്ലെങ്കിൽ ഈ മതത്തിനെന്ത് കോട്ടം? അവിടെ ക്ഷേത്രം പണിതാൽ ആർഷഭാരത സംസ്കാരത്തിന്റെ നവരൂപമെന്ന് വിശേഷിപ്പിക്കപ്പെടുന്ന ഹിന്ദുത്വത്തിന് എന്ത് നേട്ടം? യഥാർഥത്തിൽ പള്ളിയോ ക്ഷേത്രമോ അല്ല പ്രശ്നം. പ്രപഞ്ചം മുഴുവൻ സൃഷ്ടിച്ച ദൈവത്തിന് ആരാധന നടത്താൻ സ്ഥലമില്ലാത്ത പ്രശ്നമുണ്ടോ? വഴി തെറ്റിയ മതവികാരമാണ് ഭയാനകമായ മുറിപ്പാടുകൾ സൃഷ്ടിക്കുന്നതെന്ന് മനസ്സിലാക്കാൻ കഴിയാത്തിടത്തോളം കാലം വർഗീയ ലഹളകൾ ആവർത്തിക്കും. ഭൂരിപക്ഷ-ന്യൂനപക്ഷ സമുദായങ്ങൾക്കിടയിൽ അകൽച്ച വർധിക്കും. ഭാരതത്തിന്റെ മതേതര പൈതൃകത്തിനത് പോറ

ലേൽപ്പിക്കുകയും ചെയ്യും.



ഇന്ത്യയെ പോലുള്ള ഒരു മതേതര രാജ്യത്ത് ന്യൂനപക്ഷ സമുദായങ്ങൾ മതാന്ധത കൈവെടിഞ്ഞ് ജീവിച്ചില്ലെങ്കിൽ രാഷ്ട്രത്തിന്റെ നിലനിൽപ്പിനു തന്നെ അതേറെ ദോഷകരമായിരിക്കും. മതത്തിന്റെ പേരിൽ സംഘടിക്കുന്നതും പ്രത്യേക രാഷ്ട്രീയ പ്രസ്ഥാനങ്ങൾ രൂപീകരിക്കുന്നതും വർഗീയാടിസ്ഥാനത്തിൽ മാത്രം കാര്യങ്ങൾ വിലയിരുത്തുന്നതും ആപത്താണെന്ന് പറയാതെ വയ്യ. ഇതേ സമയം മതന്യൂനപക്ഷങ്ങൾ പ്രത്യേകമായി സംഘടിച്ചാലേ അവരുടെ അവകാശങ്ങൾ വകവച്ചു കിട്ടൂവെന്ന ഒരവസ്ഥാ വിശേഷം നിലനിൽക്കുന്നുവെങ്കിൽ അതൊഴിവാക്കുവാനും ഭരണകൂടം ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. എല്ലാവിധ വർഗീയതയേയും ഒരുപോലെ കാണാൻ ഭരണാധികാരികൾക്ക് കഴിയുമ്പോൾ മാത്രമേ ഭാരതത്തിന്റെ ഭാവി ശോഭനമാവൂ. “വഅ്തസിമൂ ഫി ഹബ്‌ലില്ലാഹി ജമീഅ വലാ തഫറകൂ” എന്ന ഖുർആൻ സൂക്തം തെറ്റായി വ്യാഖ്യാനിച്ച് മുസ്‌ലിം ന്യൂനപക്ഷം സംഘടിക്കണമെന്നും പ്രത്യേക രാഷ്ട്രീയ കക്ഷിയായി നിലനിൽക്കണമെന്നും വാദിക്കുന്നവർ യഥാർഥത്തിൽ ഖുർആനെ അവഹേളിക്കുകയാണ് ചെയ്യുന്നത്. ദൈവികമായ പാശത്തെ, അഥവാ വിശുദ്ധ ഗ്രന്ഥത്തെ പിൻപറ്റാനും ഭിന്നിക്കാതിരിക്കാനുമാണ് ഈ സൂക്തത്തിലൂടെ ദൈവം ആഹ്വാനം ചെയ്യുന്നത്. അതല്ലാതെ രാഷ്ട്രീയമായി സംഘടിക്കാനല്ല. ജമാഅത്തെ ഇസ്‌ലാമി പോലുള്ള വർഗീയ സംഘടനകൾ മതരാഷ്ട്രത്തിനു വേണ്ടി മതത്തെ ദുർവ്യാഖ്യാനം ചെയ്തു പ്രവർത്തിക്കുമ്പോൾ ഭൂരിപക്ഷ വർഗീയ സംഘടനകൾ അനുദിനം ശക്തിപ്പെട്ടു വരുന്നതിൽ അത്ഭുതമില്ല. ഹുകുമത്തെ ഇലാഹി അഥവാ ദൈവിക ഭരണകൂടം സ്ഥാപിക്കുകയെന്ന അടിസ്ഥാന മുദ്രാവാക്യം ഉപേക്ഷിച്ച് ഇഖാമത്തുദ്ദീൻ എന്ന മുദ്രാവാക്യത്തിലേക്ക് ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി മാറിയിട്ടുണ്ടെങ്കിൽ അത് ആശയപരമായ മാറ്റമല്ല; മറിച്ച് മുഖം കൂടുതൽ വികൃതമാകുന്നത് മറ്റുള്ളവർ കാണുന്നതിലുള്ള പ്രയാസം കൊണ്ടു മാത്രമാണ്. നിരോധന ഭീഷണി ഭയന്ന് പല പേരുകളിലായി ഈ സംഘടനയുടെ പ്രവർത്തകർ അറിയപ്പെടുന്നു. മതനവീകരണത്തിന്റേയും പുരോഗമനത്തിന്റേയും മേലങ്കിയണിഞ്ഞ് പ്രത്യക്ഷപ്പെടുന്ന അവർ അവസരവാദികളും യാഥാസ്ഥിതികരുമാണ്.

സമീപ കാലത്തായി മുസ്‌ലിം ന്യൂനപക്ഷ സമുദായത്തിൽ പ്രതിരോധ ശക്തികളെന്ന പേരിൽ ഭീകര പ്രസ്ഥാനങ്ങളും പ്രവർത്തിക്കുന്നുണ്ട്. ഭൂരിപക്ഷ വർഗീയതയെ ചെറുക്കാൻ ആയുധപരിശീലനം നൽകി അണികളെ സജ്ജരാക്കി നിർത്തുന്ന അവർ യഥാർഥത്തിൽ ഭൂരിപക്ഷ വർഗീയതയ്ക്ക് വളക്കൂറുള്ള മണ്ണൊരുക്കുകയാണ് ചെയ്തു പോരുന്നത്. ഖുർആൻ തെറ്റായി വ്യാഖ്യാനിച്ച് ജിഹാദിന് സജ്ജരാക്കുന്ന അവർ പലപ്പോഴും മതനവീകരണ പ്രസ്ഥാനങ്ങളേയും പുരോഗമന വീക്ഷണം പുലർത്തുന്നവരേയും അക്രമിക്കാനും വകവരുത്താനും അണികളെ പ്രേരിപ്പിക്കുന്നു. അന്ധമായി അനുകരിക്കുന്ന പാരമ്പര്യ അനുഷ്ഠാനങ്ങൾക്കും വിശ്വാസാചാരങ്ങൾക്കും കാവലാളായി മാറുന്ന പ്രസ്ഥാനങ്ങൾ ന്യൂനപക്ഷ സമുദായങ്ങളുടെ ഭൗതികവും ആത്മീയവുമായ പുരോഗതിക്ക് തടസ്സമായി നിലകൊള്ളുന്നു. മുജാഹിദ് പ്രസ്ഥാനമാണെങ്കിൽ അധികാരത്തിന്റേയും പണത്തിന്റേയും പര്യായമായി മാറിയിരിക്കുന്നു. ഗവേഷണപരവും സർഗാത്മകവുമായ പുനർവായനയെ അടച്ചാക്ഷേപിക്കുന്ന യാഥാസ്ഥിതികരായി അവർ തരം താഴുമ്പോൾ പുരോഗമനത്തിന്റെ തിരിവെട്ടം സമുദായത്തിന് അന്യം നിൽക്കുന്നു. സമുദായത്തിലെ അന്ധവിശ്വാസങ്ങളും ദുരാചാരങ്ങളും വിപാടനം ചെയ്യുന്നതിന് മുൻകാല മുജാഹിദ് നേതാക്കൾ ഒരു പരിധിവരെ മുന്നോട്ട് വന്നിരുന്നുവെങ്കിൽ ഇന്നിപ്പോൾ അധികാരത്തിന്റെ അപ്പക്കഷ്ണങ്ങൾ പങ്കു വയ്ക്കുന്നതിൽ മാത്രം അവർ ഒതുങ്ങിക്കഴിയുന്നു. മതനവീകരണ ശ്രമങ്ങളെ എതിർക്കാനും പുരോ

ഗമന വീക്ഷണ ധാരയെ നുള്ളിക്കളയാനും അവർ വൃഥാ ശ്രമിച്ചു കാണുന്നു. മുസ്ലിം ന്യൂനപക്ഷത്തിന്റെ സ്ഥിതി ഇതാണെങ്കിൽ ക്രിസ്ത്യൻ ന്യൂനപക്ഷം ഉൾപ്പെടെയുള്ള വിഭാഗങ്ങളുടെ അവസ്ഥയും മറിച്ചല്ല. 'പള്ളിക്കപ്പുറം ചിന്തിക്കുന്നവൻ പുള്ളി' എന്ന ദുരവസ്ഥയാണ് ക്രിസ്ത്യൻ ന്യൂനപക്ഷത്തിലും നിർഭാഗ്യവശാൽ നിലനിൽക്കുന്നത്. ആതുരസേവനം തപസ്യയായി കരുതിയിരുന്ന ആ സമുദായത്തിലെ പൂർവികർക്കു അപമാനം വരുത്തുന്ന രീതിയിൽ ഇപ്പോഴത്തെ സമുദായ നേതാക്കൾ അധഃപതിച്ചിരിക്കുന്നു. നിസ്വാർഥരും സേവനതൽപ്പരരും പുരോഗമന വീക്ഷണം ഉൾക്കൊള്ളുന്നവരുമായ മത നേതൃത്വത്തിന്റെ അഭാവം മുസ്ലിം, ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ അധോഗതിക്ക് ആക്കം കൂട്ടിയിരിക്കുന്നു. യഥാർഥ മത സന്ദേശം ഉൾക്കൊള്ളാൻ വൈകും തോറും ഈ ദുരവസ്ഥ തുടരുക തന്നെ ചെയ്യും. ഒരു ബഹുമുഖ സമൂഹത്തിൽ അനുവർത്തിക്കേണ്ട മര്യാദകൾ പാലിച്ചു ജീവിക്കാൻ ന്യൂനപക്ഷങ്ങൾ തയ്യാറാണെങ്കിലും അവരെ നയിക്കുന്ന മതനേതൃത്വം സങ്കുചിത താൽപ്പര്യങ്ങളാൽ അതിനു തടസ്സം നിൽക്കുന്നു. ഭരണകൂടങ്ങളെങ്കിൽ വോട്ടു ബാങ്ക് രാഷ്ട്രീയത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.



**തങ്ങൾ വിശ്വസിക്കുന്ന മതപരമോ അനുഷ്ഠാനപരമോ ആയ കാര്യങ്ങളിൽ മറ്റുള്ളവരും വിശ്വസിക്കണമെന്ന സങ്കുചിത മനോഭാവം ആര് വച്ചുപുലർത്തിയാലും അത് എതിർക്കപ്പെടേണ്ടതാണ്. മതവിശ്വാസമോ ഈശ്വരവിശ്വാസമോ മാത്രമല്ല; ഒരു വിശ്വാസവും ഒരാൾക്കുമേലും അടിച്ചേൽപ്പിക്കുന്നത് ഭൂഷണമല്ല. വിദേശ പണത്തിന്റെയും ആഗോള ഭീകര പ്രസ്ഥാനങ്ങളുടെയും ചിലപ്പോൾ ഭരണകൂടത്തിന്റെ തന്നെയും പിൻബലത്തോടെ മതത്തിന്റെ പേരിൽ സംഘടിച്ചു നടത്തപ്പെടുന്ന ഇത്തരം പ്രവർത്തനങ്ങൾ ഭാരതനാടിന്റെ യശസ്സ് നശിപ്പിക്കാനേ ഉതകൂ.**

വ്യത്യസ്ത മതക്കാരും വിവിധ ഭാഷകൾ സംസാരിക്കുന്നവരും വിഭിന്ന വേഷവിധാനങ്ങൾ സ്വീകരിക്കുന്നവരും ഒരുപോലെ കഴിഞ്ഞുകൂടുന്ന ഭാരതത്തിൽ ജാതിയുടേയും മതത്തിന്റേയും പേരിൽ പ്രശ്നങ്ങളുണ്ടാക്കാൻ ചിലർ ബോധപൂർവം ശ്രമം നടത്തി വരുന്നു. ഗുജറാത്തിലെ കലാപത്തിന്റെ മുറിവുകൾ ഇപ്പോഴും ഭേദമായിട്ടില്ല. തങ്ങൾ വിശ്വസിക്കുന്ന മതപരമോ അനുഷ്ഠാനപരമോ ആയ കാര്യങ്ങളിൽ മറ്റുള്ളവരും വിശ്വസിക്കണമെന്ന സങ്കുചിത മനോഭാവം ആരു വച്ച് പുലർത്തിയാലും അത് എതിർക്കപ്പെടേണ്ടതാണ്. മതവിശ്വാസമോ ഈശ്വരവിശ്വാസമോ മാത്രമല്ല; ഒരു വിശ്വാസവും ഒരാൾക്കുമേലും അടിച്ചേൽപ്പിക്കുന്നത് ഭൂഷണമല്ല. വിദേശ പണത്തിന്റേയും ആഗോള ഭീകര പ്രസ്ഥാനങ്ങളുടേയും ചിലപ്പോൾ ഭരണകൂടത്തിന്റെ തന്നേയും പിൻബലത്തോടെ മതത്തിന്റെ പേരിൽ സംഘടിച്ചു നടത്തപ്പെടുന്ന ഇത്തരം പ്രവർത്തനങ്ങൾ ഭാരതനാടിന്റെ യശസ്സ് നശിപ്പിക്കാനേ ഉതകൂ. പണ്ടത്തേതിൽ നിന്ന് വ്യത്യസ്തമായി ചില സങ്കുചിത ശക്തികളുടെ പ്രവർത്തന ഫലമായി ഇന്ന് ജനാധിപത്യത്തിനും മതേതര വീക്ഷണങ്ങൾക്കുമെതിരെ വെല്ലുവിളികൾ അധികരിച്ചു വരികയാണ്. യഥാർഥ മതതത്വങ്ങളെ തെറ്റിദ്ധരിപ്പിച്ച് സങ്കുചിത താൽപ്പര്യങ്ങൾക്കും മറ്റും ഉപയോഗപ്പെടുത്തുന്ന പ്രവണതകൾ അധികരിച്ചിരിക്കുകയാണ്.

*(അവസാനിക്കുന്നില്ല)*

# അർഥന

■ സുലൈമാൻ നല്ലളം|



നിഖിലസ്തോത്രമർഹനാം ജഗദീശ്വരാ
നിൻ സ്തുതികീർത്തനം പാടുവാൻ
നിത്യതയേകിയാലും
നരജീവിതമിരുൾ മുക്തമാക്കിയാലും...
അനന്തമീ ജഗത്തിലക്ഷയ ദീപ്തമായ്; സർവ
സൗന്ദര്യമായ് നിറയുമരൂപാ നീ നയന
ദൃശ്യനല്ലെങ്കിലും സ്ഥിതിസമസ്ത ജ്ഞാനിയാം നിന്നെ
പരബ്രഹ്മമായ്, യഹോവയായ്,
അല്ലാഹുവായ് അറിയുന്നു നാം.
ആഴിയിലാണ്ടു വസിക്കും ചിപ്പിതൻ വ്യഥയും
നക്ഷത്രമസ്സിലുറുമ്പിൻ സ്പർശവും, പൊഴിയും
പർണനാദവുമറിയുന്നവൻ നീ മാത്രമല്ലോ.
പ്രാലേയ സാന്ദ്രമാമരണ്യവുമാളിപ്പടരു-
മഗ്നിയാക്കുന്നവനേ; അഗ്നിപോൽ മരഭൂവിലും
പ്രസൂനം വിടർത്തുന്നവനേ
നീറിയെരിയും ശോകചിത്തങ്ങളൊക്കെയും
ആനന്ദ ശോഭാർദ്രമാക്കിയാലും
ആനന്ദ ശോഭാർദ്രമാക്കിയാലും...

# നമസ്കാരത്തൊഴിലാളികളെ സൃഷ്ടിക്കുന്ന

# തബ്ലീഗ് ജമാഅത്ത്

■ ബീരാൻകുട്ടി കുനിയിൽ |

മുസ്ലിംകളെ മുഴുവൻ നമസ്കാരത്തൊഴിലാളികളാക്കി മാറ്റാൻ രൂപം കൊള്ളുകയും ആഗോളതലത്തിൽ വ്യാപിക്കുകയും ചെയ്ത പ്രസ്ഥാനമാണ് തബ്ലീഗ് ജമാഅത്ത്. മുസ്ലിംകളിൽ അബൂ ഹുറൈറ ആദ്യമേ കുത്തിവച്ച നമസ്കാര ഭ്രാന്ത് ഇരട്ടിപ്പിക്കലും അത് വ്യാപകമാക്കലുമാണ് അവരുടെ പ്രധാന ലക്ഷ്യം. അതിനാണ് അവർ ലോകം മുഴുവൻ വയളുമായി ചുറ്റി സഞ്ചരിക്കുന്നതും. യൗവനകാലത്ത് കുത്തഴിഞ്ഞ ജീവിതം നയിക്കാനിടയായവരാണ് തബ്ലീഗ് ജമാഅത്തുകാരുടെ വലയിൽ പെട്ടവരിലധിക പേരും. കഴിഞ്ഞ കാലത്ത് ചെയ്തു പോയ എല്ലാ തെറ്റുകളും പൊറുത്തുകിട്ടാനും ജീവിത സായാഹ്നത്തിൽ മോക്ഷം ഉറപ്പാക്കാനും മനസ്സമാധാനത്തോടെ മരിക്കാനുമുള്ള ഏക മാർഗം നമസ്കാര പ്രസ്ഥാനം പൊടിപൊടിക്കലാണെന്നാണ് ഖുർആൻ പഠിക്കാൻ അവസരം ലഭിക്കാത്തവരെ തെറ്റിദ്ധരിപ്പിച്ചിരിക്കുന്നത്. അവർ സ്വയം തെറ്റിദ്ധരിച്ചിരിക്കുന്നതും അത് തന്നെയാണ്. അത് മൂലമാണ് സ്വന്തം പോക്കറ്റിലെ പണം ചെലവാക്കി ലോകത്തുള്ളവരെ മുഴുവൻ നമസ്കാരക്കാരാക്കി മാറ്റണമെന്ന ഉദ്ദേശ്യത്തോടെ പര്യടനം നടത്താനിറങ്ങിത്തിരിച്ചിരിക്കുന്നതും. നമസ്കരിച്ചതുകൊണ്ട് മാത്രം സ്വർഗം ലഭിക്കുകയില്ലെന്നോ നമസ്കരിക്കാത്തത് കൊണ്ടു മാത്രം ഒരാൾ നരകത്തിനർഹനാവുകയില്ലെന്നോയുള്ള ഖുർആനിക സത്യങ്ങളൊന്നും അവരിന്നേവരെ പഠിക്കുകയോ അവരെ മറ്റാരെങ്കിലും പഠിപ്പിക്കുകയോ ചെയ്തിട്ടില്ലെന്നതാണ് ഏറ്റവും ദയനീയമായ സത്യം.





ധർമത്തിലാണെന്ന് താൽപര്യം. എന്നിട്ടും സക്കാത്തിന് പ്രേരിപ്പിക്കാനും അത് ജമാഅത്തായി നടപ്പാക്കാനും തീരെ തയ്യാറാവാതെ നമസ്കാരം ജമാഅത്താക്കാനും അതിന് പ്രേരിപ്പിക്കാനും മാത്രം നടക്കുന്നത് കേവലം ഖുർആനികാദർശങ്ങൾ അട്ടിമറിക്കലും തദ്വാരാ മുസ്‌ലിം സമുദായത്തെ വെറുതെ കഷ്ടപ്പെടുത്തലുമാണെന്നതിൽ സംശയമില്ല. തബ്‌ലീഗുകാർ നിങ്ങളെ സമീപിക്കുമ്പോൾ ചില ചോദ്യങ്ങൾ അവരോട് ചോദിക്കേണ്ടതുണ്ട്.

ഓരോ തബ്‌ലീഗുകാരനും നിങ്ങളോട് ആദ്യം പറയുക ജമാഅത്തിൽ പങ്കെടുക്കാനായി പള്ളിയിൽ വരണമെന്നായിരിക്കും. ജുമുഅക്കല്ലാതെ നിത്യ നമസ്കാരത്തിന് ജമാഅത്ത് വേണമെന്ന് പറഞ്ഞ ഖുർആൻ വചനം ഏതാണെന്ന് ഉടനെ അവരോട് ചോദിക്കുക. അപ്പോൾ അവർ പറയുക നബിയും സഹാബിമാരും ജമാഅത്തായി നമസ്കരിച്ചില്ലേ എന്നായിരിക്കും. മറുപടി: സ്വഹാബിമാരോട് നബി ഒരിക്കലും ജമാഅത്തിന് പള്ളിയിൽ വരണമെന്ന് കൽപ്പിച്ചിരുന്നില്ല. കാരണം ഖുർആനിലതില്ല എന്നതു തന്നെ. ആരെങ്കിലുമൊക്കെ പള്ളിയിൽ എത്തിപ്പെട്ടാൽ നബിയുടെ കൂടെ അവർ നമസ്കരിക്കാറുണ്ടെന്ന് മാത്രം. അതുകൊണ്ട് ഞങ്ങളും പള്ളിയിൽ എത്തിപ്പെട്ടാൽ ജമാഅത്തായി നമസ്കരിച്ച് കൊള്ളാം. അല്ലാതെ ജമാഅത്തിന് പ്രേരിപ്പിക്കുക എന്ന ഈ ദുരാചാരത്തിന് വഴങ്ങി ഞങ്ങളൊരിക്കലും ജമാഅത്തിൽ പങ്കെടുക്കില്ല.

വാസ്തവത്തിൽ മറ്റുള്ളവരെ നമസ്കാരത്തിന് പ്രേരിപ്പിക്കാൻ കല്പിച്ച ഒറ്റ ആയത്തും ഖുർആനിലില്ല. അതേ സമയം ദാനം ചെയ്യാൻ പ്രേരിപ്പിക്കണമെന്നത് ഖുർആന്റെ ഒരടിസ്ഥാന സിദ്ധാന്തമാണ്. എന്ന് മാത്രമല്ല, ദാനധർമത്തിന് പ്രേരിപ്പിക്കാതിരിക്കൽ വൻ കുറ്റമാണെന്ന് തന്നെ ഖുർആൻ പല സ്ഥലത്തായി വ്യക്തമാക്കിയിരിക്കുന്നു. അപ്പോൾ ഖുർആന്റെ അടിസ്ഥാനത്തിൽ ഇമാമും ജമാഅത്തുമൊക്കെ നിർബന്ധമായും നടപ്പാക്കേണ്ടത് നമസ്കാരത്തിലല്ല, ദാന

തബ്‌ലീഗ്: ജമാഅത്തിന് പ്രേരിപ്പിക്കുന്ന ഹദീസുകളൊന്നും നിങ്ങൾ സ്വീകരിക്കില്ലേ?

മറുപടി: ഇല്ല. ഒരിക്കലും സ്വീകരിക്കില്ല. കാരണം അവ മുഴുവനും ജൂത മുനാഫിഖായ അബൂഹുറൈറയും കൂട്ടുകാരും കെട്ടിച്ചമച്ച കള്ള ഹദീസുകളാണെന്നതുകൊണ്ട് തന്നെ. ജമാഅത്ത് നമസ്കാരത്തേ

ക്കാൾ വളരെ ശക്തിയായി അബൂ ഹുറൈറ പ്രചരിപ്പിച്ച ഒന്നായിരുന്നു തഹജ്ജുദ് നമസ്കാരം. പക്ഷേ മരണം വരെ ഒരൊറ്റ ദിവസവും അബൂ ഹുറൈറ തഹജ്ജുദ് നമസ്കരിച്ചിട്ടില്ലെന്ന് ബുഖാരി-മുസ്ലിമിന്റെ ഹദീസ് കൊണ്ട് വ്യക്തമായിരിക്കുന്നു. അത്ര വലിയ കപടനായിരുന്നു അബൂ ഹുറൈറ എന്നിരിക്കേ അയാളുടേയും അയാളുടെ കൂട്ടുകാരുടേയും കള്ള ഹദീസുകളൊന്നും ഞങ്ങൾക്ക് കേൾക്കേണ്ട.

തബ്ലീഗ്: കഴിഞ്ഞ കാലങ്ങളിൽ വന്നുപോയ തെറ്റുകൾക്കെല്ലാം പരിഹാരമായി ഇനിയുള്ള ജീവിതകാലമെങ്കിലും നമസ്കാരത്തിലും മറ്റും ശ്രദ്ധിക്കുന്നത് നല്ലതല്ലേ?

മറുപടി: വന്നുപോയ തെറ്റുകൾ പൊറുത്ത് കിട്ടണമെങ്കിൽ സക്കാത്ത് പോലുള്ള പരോപകാരമുള്ള കാര്യങ്ങളിൽ ശ്രദ്ധിക്കുകയാണ് വേണ്ടത്. അല്ലാതെ നമസ്കാരം പോലുള്ള പരോപകാരമില്ലാത്ത കേവലാരാധനകളിൽ ശ്രദ്ധിച്ചതുകൊണ്ടൊന്നും മുമ്പ് ചെയ്തുപോയ ഒരു പാപവും പൊറുക്കുമെന്ന് ഖുർആനേറ്റിട്ടില്ല. അതിനാൽ നമസ്കാരം വർധിപ്പിക്കുന്നത് മൂലം പാപമോചനം ലഭിക്കുമെന്ന വിശ്വാസം കേവലം അടിസ്ഥാനരഹിതമാണ്.

തബ്ലീഗ്: അപ്പോൾ നമസ്കാരം ഏറ്റവും മുന്തിയ പുണ്യകർമമാണെന്ന വിശ്വാസം നിങ്ങൾക്കില്ലേ?

മറുപടി: അതൊരിക്കലുമില്ല. സക്കാത്ത് മുതലായ പരോപകാരമുള്ള കാര്യങ്ങൾ ചെയ്യാത്തവരുടെ നമസ്കാരം പുണ്യകർമമോ സൽക്കർമമോ അല്ലെന്നാണ് 3:92 ഉം 48:29 ഉം പോലുള്ള ഖുർആൻ സൂക്തങ്ങളിലൂടെ തെളിഞ്ഞ ഏറ്റവും വലിയ അടിസ്ഥാന സിദ്ധാന്തം. നമസ്കാരം രൊക്കവും സക്കാത്തിന്റെ കാര്യം കടവും അഥവാ ജമാഅത്തായി നമസ്കരിക്കലും സക്കാത്തിനെ പറ്റി വയള് പറയലും മാത്രമാണ് പരിപാടിയെങ്കിൽ നിങ്ങൾക്കുടനെ സ്ഥലം വിടാവുന്നതാണ്. കൂടുതൽ സംസാരിച്ചാൽ നിങ്ങളിപ്പോൾ നിലനിർത്തിപ്പോരുന്ന നമസ്കാരം തന്നെ ഖുർആൻ വിരുദ്ധമാണെന്നും 30 ജൂതായിസങ്ങളടങ്ങിയ കടുത്ത ദുരാചാരമാണെന്നും ഞങ്ങൾ നിലനിർത്തിപ്പോരുന്ന ഖുർആനിക നമസ്കാരം പഠിക്കലും അത് നിലനിർത്തലും മാത്രമേ മുസ്ലിംകൾക്ക് പാടുള്ളൂവെന്നുമൊക്കെ നിങ്ങൾക്ക് സമ്മതിക്കേണ്ടി വരും. അതിനാൽ നിങ്ങൾ ആദ്യം വേണ്ടത് നമസ്കാരം എങ്ങനെയാണെന്നും അതിനു ഖുർആൻ കൽപ്പിച്ച സ്ഥാനവും പദവിയും എന്തൊക്കെയാണെന്നും ഖുർആനിലൂടെ മനസ്സിലാക്കുകയാണ്. അതിനു ശേഷം മതി ഈ നമസ്കാര പ്രസ്ഥാനവുമായി നടക്കൽ.

**മുസ്ലിംകളെ മുഴുവൻ നമസ്കാര ത്തൊഴിലാളികളാക്കി മാറ്റാൻ രൂപം കൊള്ളുകയും ആഗോളതലത്തിൽ വ്യാപിക്കുകയും ചെയ്ത പ്രസ്ഥാനമാണ് തബ്ലീഗ് ജമാഅത്ത്. മുസ്ലിംകളിൽ അബൂ ഹുറൈറ ആദ്യമേ കുത്തിവച്ച നമസ്കാര ഭ്രാന്ത് ഇരട്ടിപ്പിക്കലും അത് വ്യാപകമാക്കലുമാണ് അവരുടെ പ്രധാന ലക്ഷ്യം. അതിനാണ് അവർ ലോകം മുഴുവൻ വയളുമായി ചുറ്റിസ്സഞ്ചരിക്കുന്നതും.**

ഒരു മനുഷ്യ ജന്മത്തിൽ ചെയ്തു തീർക്കേണ്ട എത്രയൊ നല്ല കാര്യങ്ങൾ ഈ സമൂഹത്തിൽ ചെയ്തു തീർക്കാനുണ്ട്. വിദേശ ഏജന്റുമാർ പഠിപ്പിച്ചു തന്നതല്ലാതെ ഖുർആൻ മനസ്സിലാക്കി പഠിച്ച് പറയുന്നവർ ആരുണ്ട്?

തങ്ങളുടെ കർമങ്ങൾ ഖുർആൻ അനുസരിച്ചാണോ അല്ലയോ എന്ന് ഓരോരുത്തരും സ്വയം ചിന്തിക്കുകയും ഖുർആൻ വച്ച് പരിശോധിക്കുകയും ചെയ്യട്ടെ.

അല്ലാഹു നമ്മെ തുണക്കട്ടെ എന്ന് നമുക്ക് പ്രാർഥിക്കാം.

# ഹദീസ് നിരൂപണം ഖുർആനിലൂടെ



**മുതൂർ അബൂബക്കർ**

മുസ്‌ലിം സമുദായത്തിൽ വേരുറച്ചുപോയ ഖുർആൻ വിരുദ്ധമായ സകല ആചാരങ്ങളും ഹദീസിന്റെ പിൻബലം കൊണ്ട് മാത്രം നിലനിർത്തപ്പെട്ടുപോന്നതാണ്. എന്നാൽ അത്തരം ഖുർആൻ വിരുദ്ധ ആചാരങ്ങളിൽ ഏറ്റവും മഹത്വവൽക്കരിക്കപ്പെട്ട അഞ്ച് നേര നമസ്കാരത്തിന് ഹദീസിന്റെ പിൻബലം പോലുമില്ലെന്നതാണ് വാസ്തവം. അഞ്ച് നേര നമസ്കാരത്തിന്റെ തെളിവിനായി ഖുർആൻ അരിച്ചു പെറുക്കി നോക്കിയവരെല്ലാം ദയനീയമായി പരാജയപ്പെട്ടപ്പോൾ ഒരു ഹദീസ് കൊണ്ടെങ്കിലും അതൊന്ന് തെളിയിക്കണമെന്ന മോഹം സ്വാഭാവികമായി പലർക്കുമുണ്ടായി. പക്ഷേ വീണ്ടും ദയനീയ പരാജയമായിരുന്നു ഫലം. അഞ്ച് നേര നമസ്കാരത്തിന് ഒരു ഹദീസ് പോലും ഇല്ലെന്നതു തന്നെ കാരണം. ഹദീസ് പ്രമാണമാക്കുന്നവർ തന്നെ സംശയത്തോടെ മാത്രം വീക്ഷിക്കുന്ന ദീർഘമേറിയ മിഅ്റാജിന്റെ ഹദീസിൽ പോലും അഞ്ച് നേരത്തിന് തെളിവില്ലെന്ന് മാത്രമല്ല; അതിനേക്കാൾ വലിയ അപകടങ്ങൾ പലതും അതിലുണ്ടുതാനും.

അപകടം ഒന്ന്: മുഹമ്മദ് നബി ബുറാക്ക് എന്ന വാഹനത്തിൽ ജിബ്‌രീൽ മാലാഖയോടൊപ്പം ആകാശാരോഹണം ചെയ്തുവെന്ന് പറഞ്ഞാണല്ലോ ബുഖാരിയുടെ ഹദീസ് തുടങ്ങുന്നത്. ഇത് തീർത്തും ഖുർആൻ വിരുദ്ധമാണ്. കാരണം മുഹമ്മദ് നബിയുടെ ഖുർആൻ പ്രബോധനം തിരസ്കരിക്കുകയും നബിയേയും കൂടെയുള്ള വിശ്വാസികളേയും ക്രൂരമായി മർദിക്കുകയും ചെയ്തുകൊണ്ടിരുന്ന അറേബ്യൻ ജനത അദ്ദേഹത്തിൽ വിശ്വസിക്കാനെന്ന വ്യാജേന ചില ആവശ്യങ്ങൾ നബിയോട് ഉന്നയിച്ചതും അതിന് അല്ലാഹു കൊടുക്കാൻ പറഞ്ഞ മറുപടിയും ഖുർആനിലുണ്ട്. അതിങ്ങനെ വായിക്കാം: "മുഹമ്മദേ, നീ ഭൂമിയിൽ ഒരുറവ് കൊണ്ട് വരികയോ അല്ലെങ്കിൽ നിനക്ക് ഈത്തപ്പനയുടെയും മുന്തിരിയുടെയും ഒരു തോട്ടമുണ്ടാവുകയോ അതുമല്ലെങ്കിൽ നീ ആകാശത്തേക്ക് കയറുകയോ ചെയ്താലല്ലാതെ ഞങ്ങൾ നിന്നിൽ വിശ്വസിക്കുകയില്ല. (ഇതിലേതെങ്കിലുമൊന്ന് നീ സാധിച്ചെടുത്താൽ ഞങ്ങൾ നിന്നിൽ വിശ്വസിക്കാം)." അവരുടെ ഈ ആവശ്യങ്ങളോട് ഇങ്ങനെ പ്രതികരിക്കാനാണ് അല്ലാഹു നബി

യോട് പറഞ്ഞത്: "നബിയേ പറയുക, ഞാൻ ഒരു മനുഷ്യപ്രവാചകനല്ലയോ (ദൈവമോ മലക്കോ അല്ല, അത് കൊണ്ട് തന്നെ ഇതൊന്നും എനിക്ക് ചെയ്യാൻ കഴിയില്ല." (ഖു: 17/90-93). ഒരാകാശത്തേക്ക് പോലും കയറാൻ നബിക്ക് കഴിയില്ലെന്ന് ഖുർആൻ ഇത്രമേൽ വ്യക്തമാക്കിയിട്ടും ഏഴ് ആകാശത്തേക്കും നബി കയറിപ്പോയെന്നാണ് ഖുർആൻ വിശുദ്ധ ഹദീസിലൂടെ സമുദായത്തെ ഇന്നും പഠിപ്പിച്ചുകൊണ്ടിരിക്കുന്നത്. മിഅ്റാജിന്റെ ഹദീസിലുള്ള ആകാശാരോഹണത്തിന് ശേഷമുള്ള സംഭവമാണിതെന്നാണ് ആർക്കെങ്കിലും വാദമെങ്കിൽ, ഞാൻ മുമ്പൊരിക്കൽ കയറിയിട്ടുണ്ടല്ലോ; അത് നിങ്ങൾക്ക് അറിയാമല്ലോ എന്നാണ് പറയേണ്ടിയിരുന്നത്. ഇനി അതിന് മുമ്പുള്ള കാര്യമാണിതെന്നാണ് വാദമെങ്കിൽ അത് ഖുർആനിൽ വ്യക്തമായി കാണേണ്ടതുമായിരുന്നു.

> **ഖുർആൻ വിരുദ്ധ ആചാരങ്ങളിൽ ഏറ്റവും മഹത്വവൽക്കരിക്കപ്പെട്ട അഞ്ച് നേര നമസ്കാരത്തിന് ഹദീസിന്റെ പിൻബലം പോലുമില്ലെന്നതാണ് വാസ്തവം. അഞ്ച് നേര നമസ്കാരത്തിന്റെ തെളിവിനായി ഖുർആൻ അരിച്ചു പെറുക്കി നോക്കിയവരെല്ലാം ദയനീയമായി പരാജയപ്പെട്ടപ്പോൾ ഒരു ഹദീസു കൊണ്ടെങ്കിലും അതൊന്ന് തെളിയിക്കണമെന്ന മോഹം സ്വാഭാവികമായും പലർക്കുമുണ്ടായി. പക്ഷേ വീണ്ടും ദയനീയ പരാജയമായിരുന്നു ഫലം. അഞ്ച് നേര നമസ്കാരത്തിന് ഒരു ഹദീസ് പോലും ഇല്ലെന്നതു തന്നെ കാരണം.**

അപകടം രണ്ട്: ആകാശലോകത്ത് വച്ച് മുഹമ്മദ് നബി ആദം മുതൽ ഇബ്രാഹിം, യൂസുഫ്, മൂസ തുടങ്ങിയ; പതിനായിരക്കണക്കിന് വർഷങ്ങൾക്ക് മുമ്പ് മൺമറഞ്ഞ് പോയ പ്രവാചകൻമാരെ വരെ നേരിൽ കാണുകയും സംസാരിക്കുകയും അവരുടെ ശരീര ഘടന വിശദീകരിക്കുകയും ചെയ്തിട്ടുണ്ട് ഈ ഹദീസിൽ. ഇതും ഖുർആൻ വിരുദ്ധമാണ്. കാരണം, പ്രവാചകനെന്നോ സാധാരണ മനുഷ്യനെന്നോ വ്യത്യാസമില്ലാതെ ഈ ഭൗതിക ലോകത്ത് ഏതൊരു മനുഷ്യനും ഒരു ജനനവും ഒരു മരണവും മാത്രമേയുള്ളൂ. ഇത് അല്ലാഹുവിന്റെ അലംഘനീയമായ നിയമമാണ്. ആ നിയമം ഏതെങ്കിലും ഒരു വ്യക്തിക്കു വേണ്ടിയോ (അദ്ദേഹം എത്ര ഉന്നതനായാലും) ഏതെങ്കിലും ഒരു കാലത്തേക്ക് വേണ്ടിയോ മാറ്റില്ല. അല്ലാഹുവിന്റെ നടപടിക്രമവും അതുതന്നെ. അതിന് ഒരിക്കലും മാറ്റം വരില്ല (ഖു: 33/62). മരണം വരിച്ചവർക്ക് ആരേയും സഹായിക്കാൻ കഴിയില്ലെന്ന് ഉറച്ചു വിശ്വസിക്കുന്നുവെന്ന് പറയുന്ന 'പുരോഗമന വാദികൾ'ക്കു; മരണം പ്രാപിച്ച മൂസാ നബി 50 നമസ്കാരം അഞ്ച് നമസ്കാരമാക്കി ചുരുക്കാൻ സഹായിച്ചതും മുഹമ്മദ് നബി ആ സഹായം സദയം സ്വീകരിച്ചതും ദഹിക്കുന്നുണ്ടായിരിക്കാം. പക്ഷേ ഖുർആൻ വിശ്വാസികളെ സംബന്ധിച്ചിടത്തോളം ഈ ഖുർആൻ വിരുദ്ധ ഹദീസിനെ അർഹിക്കുന്ന അവജ്ഞയോടെ തള്ളിക്കളയാതെ വയ്യ.

അപകടം മൂന്ന്: അല്ലാഹു നിയമമാക്കിയ 50 നമസ്കാരം ലഘൂകരിച്ച് തരുവാൻ അല്ലാഹുവിനോട് ആവശ്യപ്പെടാൻ പല ഘട്ടങ്ങളിലൂടെ മൂസാ നബി പറഞ്ഞതായി ഹദീസ് പറയുന്നു. സർവാധിപനായ ദൈവത്തിന്റെ ഒരു നിയമം ഭേദഗതി ചെയ്യാൻ മൂസാ നബിക്ക് ആരാണ് അനുമതി നൽകിയത്? മുഹമ്മദ് നബിയുടെ സമുദായത്തിന് ഇത് താങ്ങാവുന്നതിലുമപ്പുറമാണെന്ന് പറഞ്ഞാണത്രെ ലഘൂകരിക്കാൻ ആവശ്യപ്പെടാൻ നബിയെ ഉപദേശിച്ചത്. സകല ചരാചരങ്ങളേയും സൃഷ്ടിച്ച് പരിപാലിച്ച് കൊണ്ടിരിക്കുന്ന അല്ലാഹുവിന് മുഹമ്മദ് നബിയുടെ സമുദായത്തിന് താങ്ങുന്നതും അല്ലാത്തതും മനസ്സിലായില്ല എന്ന് പറയുമ്പോൾ അതംഗീകരിക്കാൻ കഴിയുന്ന ഒരേയൊരു വിഭാഗം സുന്നത്ത് ജമാഅത്തുകാർ മാത്രമാണ്. ബുദ്ധിയുപയോഗിച്ച് കാര്യങ്ങളെ അപഗ്രഥിക്കാൻ തയ്യാറാകുന്ന വിശ്വാസികൾക്ക് ഭൂമി നിലകൊള്ളുന്നത് കാളയുടെ കൊമ്പിൻമേലാണെന്ന ചില അറബി തഫ്സീറുകളിലെ ഇതിഹാസ കഥകളെപ്പോലെ മാത്രമേ ഇതിനെയും കാണാൻ കഴിയൂ. ഏതായാലും ഒരു കാര്യം സമ്മതിക്കേണ്ടിയിരിക്കുന്നു. 50 നമസ്കാരത്തിന്റെ കാര്യത്തിൽ അന്ന് മൂസാ നബി ഇടപെട്ടില്ലായിരുന്നുവെങ്കിൽ സമുദായം തീരാ ദുരിതത്തിൽ അകപ്പെട്ടേനെ!

*(അവസാനിക്കുന്നില്ല)*

# സ്വർഗീയ ജീവിതം

■ടി.കെ. ഇബ്രാഹിം, മാറഞ്ചേരി



മനുഷ്യർ മരിച്ചാൽ അവരിലുള്ള സൽക്കർമം
മാത്രമാണീശ്വര സന്നിധിയിൽ
പ്രയോജനപ്പെടുന്നതും പ്രതിഫലം നേടുന്നതും
നല്ല മനസ്സുള്ള മർത്ത്യർക്ക് മാത്രം.
അന്ത്യം കഴിഞ്ഞാൽ വേഗത്തിലാ ദേഹം
സംസ്കരിക്കലാണുത്തമമേവർക്കും
നാട്ടുനടപ്പിന്റെ പശ്ചാത്തലത്തിൽ
നാട്ടുകാർ ഒന്നിച്ച് സഹകരിച്ചീടണം.
മരണാനന്തരം ദൈവത്തിൻ ചാരത്ത്
മഹ്ശറയിൽ നാം ഒരുമിച്ചുകൂടിടും
വിചാരണ ചെയ്യലും വിധി നിശ്ചയിക്കലും
കാരുണ്യവാന് ബുദ്ധിമുട്ടേയല്ല.
ദൈവികാജ്ഞയ്ക്ക് കാതോർത്തുനിൽക്കുന്ന
മാലാഖമാരുണ്ട് എല്ലാം നടപ്പാക്കാൻ
ദൈവകോപത്തിന്നിരയായ മർത്ത്യരെ
പൊള്ളുന്ന തീകൊണ്ടാണഭിഷേകം ചെയ്യുക.
ഏക ദൈവത്തിലും അന്ത്യദിനത്തിലും
വിശ്വസിച്ചവർ സൽക്കർമം ചെയ്തിടും
സത്യവിശ്വാസത്തെ കളങ്കപ്പെടുത്താതെ
അന്യന്നുപകാരമനുസ്യൂതം ചെയ്തവർ.
ക്ഷമയോടെ ജീവിതം ജീവിച്ചറിഞ്ഞവർ
നാക്കിനും കണ്ണിനും വിശ്രമമേകിയവർ
ഖുർആനെ മാത്രമംഗീകരിച്ചവർ
ശിർക്കിൻ വിഷം തീരെ തീണ്ടാതിരുന്നവർ.
മാതാപിതാക്കളെ സ്നേഹിച്ചു മാതൃക
കാട്ടിക്കൊടുത്തവർ; ജീവിതാന്ത്യം വരെ
ജീവകാരുണ്യപ്രവർത്തനം ചെയ്തവർ
ജീവന്റെ വിലയെ മനസ്സിലാക്കുന്നവർ.
അന്ത്യശ്വാസം വരെ വാക്ക് പാലിച്ചവർ
സത്യത്തെ മാത്രം മുറുകെ പിടിച്ചവർ
ധർമം കൊടുത്തിട്ടും മതിതീരാത്തവർ
പാവം ജനത്തിന്റെ കണ്ണീരൊപ്പിയവർ.
പ്രാർഥനാ വേളയിൽ ഭയഭക്തിയുള്ളവർ
ഏകദൈവത്തെ മാത്രം ആരാധിക്കുന്നവർ
പ്രഹസനം തീരെ ഇഷ്ടപ്പെടാത്തവർ
ദൈവത്തിൻ പ്രതിഫലം മോഹിച്ചിടുന്നവർ.
ഇങ്ങനെയുള്ളൊരു അടിമയ്ക്കു മാത്രമേ
ദൈവത്തിൻ ചാരത്ത് രക്ഷ നേടാനാകൂ.
ദൈവത്തിൻ വാഗ്ദാനം സ്വർഗപ്പൂങ്കാവനം
മറ്റാർക്കുമല്ലെന്ന കാര്യമോർത്തീടണം.
ഇഹലോക ജീവിതം ധന്യമാക്കി
പരലോകജീവിതം വെട്ടിപ്പിടിച്ചവർ
സന്തോഷമാണത്; ശാശ്വതമാണത്
ആരും കൊതിക്കുന്ന സ്വർഗീയ ജീവിതം.

# മുഹമ്മദ് നബിയും വറക്കത്ത് ജ്യോത്സ്യനും

പി.എ. എടപ്പാൾ

ഇസ്‌ലാമിക ദൃഷ്ട്യാ ജ്യോത്സ്യൻമാരുടെ വാക്കുകൾ വിശ്വസിക്കലും അത് പ്രാവർത്തികമാക്കലും തെറ്റും കുറ്റവുമാണ്. ഇത് സമുദായത്തിലെ എല്ലാ പുരോഗമന പ്രസ്ഥാനക്കാരും ഒരുപോലെ അംഗീകരിക്കുന്ന കാര്യവുമാണ്. കാരണം അവർ പറയുന്ന കാര്യങ്ങൾ അദൃശ്യങ്ങളാണ്. അദൃശ്യകാര്യങ്ങൾ അല്ലാഹുവിനല്ലാതെ മറ്റാർക്കും അറിയില്ലെന്നതു ഖുർആന്റെ പ്രഖ്യാപിത നയമാണ്. എന്നാൽ ഖുർആൻ വിരുദ്ധവും സത്യത്തിന് നിരക്കാത്തതുമായ ഈ ജ്യോത്സ്യവിശ്വാസം ഇസ്‌ലാമിൽ കുത്തിക്കയറ്റാൻ വല്ലാതെ പാടുപെട്ടിട്ടുണ്ട് ഹദീസ് പണ്ഡിതൻമാർ. യാത്രയിലും മറ്റും ചില സഹോദരങ്ങളുടെ ആഭരണങ്ങളും അമൂല്യങ്ങളായ മറ്റു പലതും നഷ്ടപ്പെടുമ്പോൾ അത് കണ്ടുകിട്ടാൻ അവർ ബീവിമാരേയും തങ്ങൾമാരേയും ദേവിമാരേയും സമീപിക്കാറുണ്ട്. അവർ പറയുന്ന കാര്യങ്ങൾ വിശ്വസിക്കാനും പ്രവർത്തിക്കാനും അവർ പറയുന്നവരെ സംശയത്തിന്റെ നിഴലിലൂടെ മാത്രം കാണാനും സന്നദ്ധരായതിന്റെ പേരിൽ തൊട്ട് മുമ്പുവരെ പൂർണ ഐക്യത്തിലും സാഹോദര്യത്തിലും സഹിഷ്ണുതയിലും കഴിഞ്ഞുവന്ന എത്രയോ കുടുംബങ്ങളും അയൽവാസികളും ബദ്ധശത്രുക്കളായിട്ടുണ്ട്. ചിലർക്ക് മാനസികമോ ശാരീരികമോ ആയ വല്ല അസ്വസ്ഥതകളും അനുഭവപ്പെടുമ്പോൾ ജാതിമത ഭേദമന്യെ ജ്യോത്സ്യൻ പറയാറുള്ളത് നിങ്ങൾക്ക് ഇന്നയാൾ സിഹ്റ് (കൂടോത്രം) ചെയ്തിട്ടുണ്ടെന്നും അതൊഴിച്ചാലേ നിങ്ങളുടെ അസുഖം മാറുള്ളൂവെന്നുമാണ്. ഇത് വലിയ ചെലവുള്ളതാണെന്നും ഇത്ര പണം അതിന് ആവശ്യമുണ്ടെന്നും വിശ്വസിപ്പിച്ച് അഷ്ടിക്കു വകയില്ലാത്തവരടക്കമുള്ള പാമര ജനത്തിന്റെ കീശ കാലിയാക്കുന്ന ഏർപ്പാട് സ്ഥിരം കാഴ്ചയാണ്.

**മുഹമ്മദിന് ആദ്യമായി ദിവ്യസന്ദേശം ലഭിച്ചപ്പോൾ അദ്ദേഹം അസ്വസ്ഥനാവുകയും വിറകൊള്ളുകയും ചെയ്തത്രെ. അപ്പോൾ സഹധർമിണി ഖദീജ അവരുടെ കുടുംബത്തിൽപ്പെട്ട ജൂത പുരോഹിതനായ വറക്കത്ത് ബ്നു നൗഫൽ എന്ന ജ്യോത്സ്യന്റെ അടുത്തേക്ക് നബിയെ കൊണ്ടുപോവുകയും സംഭവിച്ചതെല്ലാം വിവരിച്ച് കൊടുക്കുകയും ചെയ്തത്രെ. അപ്പോൾ അദ്ദേഹം മുഹമ്മദിനെ തിരിച്ചറിയുകയും ഭാവിയിൽ പ്രവാചകൻ എന്ന് സാക്ഷ്യപ്പെടുത്തുകയും മറ്റും ചെയ്തു എന്നാണ് ബുഖാരിയുടെ ഹദീസ്. അല്ലാഹുവിന്റെ മഹത്തായ സന്ദേശം നബിക്ക് ആദ്യമായി ലഭിച്ചപ്പോൾ അത്യധികം സന്തോഷിക്കുകയും സംതൃപ്തനാവുകയും ചെയ്യേണ്ടതിന് പകരം അസ്വസ്ഥനാകുന്നത് എന്തിന്?**

ഒരു കാലത്ത് സമുദായത്തെ അടക്കി ഭരിച്ചിരുന്നത് ജിന്ന് കൂടിയ ബീവിമാരും തങ്ങൾമാരുമായിരുന്നു. (പരിപൂർണ മോചനം ഇന്നുമില്ല). ഹസ്രത്ത് ഇബ്രാഹിം നബിയും സക്കരിയാ നബിയും ഒരു കുഞ്ഞിനുവേണ്ടി അല്ലാഹുവിനോട് പ്രാർഥിക്കുകയാണ് ചെയ്തതെങ്കിൽ ആ പുണ്യ പ്രവാചകൻമാരുടെ അനുയായികളാണെന്ന് പറയുന്നവരിൽ പലരും ഇതേ ആവശ്യത്തിന് ബീവിമാരെയും ദേവിമാരെയും സമീപിക്കുകയാണ് ചെയ്തിരുന്നത്. ഭാഗികമായി ഇന്നും ആ നില തുടരുന്നു. സിഹ്റിന്റെ യാഥാർഥ്യത്തെ നിഷേധിച്ച ഖുർആനെ അവഗണിച്ചതിന്റെയും അതിന്റെ സാധുതയെ അംഗീകരിക്കുന്ന ഹദീ

സുകളെ വാരിപ്പുണർന്നതിന്റെയും ഫലം തന്നെയാണിതെന്ന് സംശയമില്ല. ഏതായാലും ഇത്തരം അന്ധവിശ്വാസങ്ങൾക്ക് പ്രചാരം നൽകിയവരുടെ 'സേവനം' ചെറുതായി കണ്ടുകൂടാ. കാരണം ഇതിന്റെ വേരുകൾ അവർ കൊണ്ടുപോയത് ഇസ്‌ലാമിന്റെ അനിഷേധ്യ പ്രവാചകൻ മുഹമ്മദിലേക്കാണ്.

മുഹമ്മദിന് ആദ്യമായി ദിവ്യ സന്ദേശം ലഭിച്ചപ്പോൾ അദ്ദേഹം അസ്വസ്ഥനാവുകയും വിറകൊള്ളുകയും ചെയ്തത്രെ. അപ്പോൾ സഹധർമിണി ഖദീജ അവരുടെ കുടുംബത്തിൽപ്പെട്ട ജൂത പുരോഹിതനായ വറക്കത്ത് ബ്നു നൗഫൽ എന്ന ജ്യോത്സ്യന്റെ അടുത്തേക്ക് നബിയെ കൊണ്ടുപോവുകയും സംഭവിച്ചതെല്ലാം വിവരിച്ച് കൊടുക്കുകയും ചെയ്തത്രെ. അപ്പോൾ അദ്ദേഹം മുഹമ്മദിനെ തിരിച്ചറിയുകയും ഭാവിയിൽ പ്രവാചകൻ എന്ന് സാക്ഷ്യപ്പെടുത്തുകയും മറ്റും ചെയ്തു എന്നാണ് ബുഖാരിയുടെ ഹദീസ്. അല്ലാഹുവിന്റെ മഹത്തായ സന്ദേശം നബിക്ക് ആദ്യമായി ലഭിച്ചപ്പോൾ അത്യധികം സന്തോഷിക്കുകയും സംതൃപ്തനാവുകയും ചെയ്യേണ്ടതിന് പകരം അസ്വസ്ഥനാകുന്നത് എന്തിന്? ഇസ്‌ലാമിന്റെ പുണ്യപ്രവാചകന്റെ രംഗപ്രവേശം തന്നെ ഒരു ജൂത പുരോഹിതന്റെ സാക്ഷ്യപ്പെടുത്തലോടെയായിരുന്നു എന്ന ജൂത കഥ പ്രചരിപ്പിക്കലായിരുന്നു അതിന്റെ പിന്നിലുള്ള ലക്ഷ്യം. ജ്യോത്സ്യന്മാരെ സമീപിക്കുന്നതിനും അവരെ വിശ്വസിക്കുന്നതിനും സമുദായത്തിന് അവരുടെ പ്രവാചകന്റെ ഏറ്റവും ആദ്യത്തെ പ്രവർത്തനം (സുന്നത്ത്) ഒരുത്തമ മാതൃകയുമാകുമല്ലോ! ഇതിലും അപകടകരമായ ആക്ഷേപങ്ങൾ നബിയിലേക്ക് ചേർത്തെഴുതിയിട്ടുണ്ടെങ്കിൽ; അതിന്നും മുഖ്യ പ്രമാണമായി അംഗീകരിക്കപ്പെട്ടു പോരുന്നുവെങ്കിൽ ഇതിൽ വലിയ അത്ഭുതത്തിന് വകയില്ല. ●






**വ**ഹാബികൾ യുവ മനസ്സുകളിൽ ഭീകരത നിറയ്ക്കുന്നു. ഈ പശ്ചാത്തലത്തിൽ ചില രാജ്യങ്ങളോടുള്ള ഇന്ത്യയുടെ നയതന്ത്ര സമീപനത്തിൽ മാറ്റമുണ്ടാവണം.

**റാം ജെഠ്മലാനി**

..........................................................



**മു**സ്‌ലിം നവോത്ഥാന പ്രസ്ഥാനത്തെ തീവ്രവാദവുമായി ബന്ധപ്പെടുത്തി റാം ജെഠ്മലാനി നടത്തിയ പരാമർശം വിവരക്കേടും ചരിത്രനിഷേധവുമാണ്. ദേശീയ നേതാക്കളായ മൗലാനാ അബുൽ കലാം ആസാദ്, ഇ. മൊയ്തു മൗലവി തുടങ്ങിയവർ നയിച്ച പ്രസ്ഥാനം തീവ്രവാദവുമായി ബന്ധപ്പെട്ടിട്ടില്ല.

**ഹുസൈൻ മടവൂർ**

..........................................................



**പൊ**തു സമൂഹത്തെ മുന്നിൽ കണ്ട് കാര്യങ്ങൾ അവതരിപ്പിക്കാൻ ഭൂരിപക്ഷം മുസ്‌ലിം ആനുകാലിക പ്രസിദ്ധീകരണങ്ങൾക്കും കഴിയുന്നില്ല.

**ഡോ. എം.എം. ബഷീർ**



**ഖു**ർആൻ സൂക്തങ്ങളും തിരുവചനങ്ങളും പ്രസംഗത്തിൽ ഉൾപ്പെടുത്തുമ്പോൾ രാഷ്ട്രീയ പ്രതിയോഗികൾ; പ്രത്യേകിച്ച് മുസ്‌ലിംലീഗുകാർ എന്നെ പരിഹസിക്കാറുണ്ടായിരുന്നു-ഹംസ മുസല്യാരാണ്, തങ്ങളാണ് എന്നൊക്കെ. എന്നാൽ അത് യാഥാർഥ്യമാണെന്ന സത്യം അവർക്കറിയില്ല. ബാല്യത്തിൽ ഞാൻ മുസല്യാരായിരുന്നു. തങ്ങൾ പരമ്പരയിൽപ്പെട്ട കൊണ്ടോട്ടി തഖിയ്യത്ത് ഗുലാം ഹുസൈൻ ഉണ്ണിമാൻ തങ്ങളുടെ മകളെ കല്യാണം കഴിച്ചതോടെ തങ്ങൾമാരുമായും എനിക്ക് ബന്ധമുണ്ടായി.

**ടി.കെ. ഹംസ**

# സർവമത സത്യവാദം ഖുർആനിൽ

മൗലവി ചേകനൂർ

മൗലവി ചേകനൂരിന്റെ ഏറ്റവും ഒടുവിലത്തേതും ഏറെ വിപ്ലവം സൃഷ്ടിച്ചതും മൗലവിയുടെ ജീവഹാനിക്കുതന്നെ കാരണമായതുമായ 'സർവമത സത്യവാദം ഖുർആനിൽ' എന്ന ഗ്രന്ഥത്തിൽ നിന്ന്.

## സമുദായങ്ങൾ തമ്മിൽ അകലാൻ കാരണമെന്ത്?



ഓരോ മതത്തിലേയും പുരോഹിതൻമാർ ഇതര മതക്കാരെ പിഴച്ചവരും പാപികളുമായി കണക്കാക്കിയതിനാലും സ്വസമുദായത്തെ അപ്രകാരം വിശ്വസിപ്പിച്ചതിനാലുമാണ് സമുദായങ്ങൾ തമ്മിൽ അകന്നുപോകാൻ കാരണമായിത്തീർന്നത്. വാസ്തവത്തിൽ എല്ലാ മതങ്ങളുടേയും ലക്ഷ്യം മനുഷ്യനെ നന്നാക്കലാണെന്നും മതമേതായാലും മനുഷ്യൻ നന്നായാൽ മതി എന്നുമുള്ള മതത്തിന്റെ അടിസ്ഥാനത്തിൽ വിശ്വസിക്കുന്നവരാരും തന്നെ ഇതര മതങ്ങളെ പുച്ഛിക്കാനോ തള്ളിപ്പറയാനോ തയ്യാറാവില്ല. ഏതൊരു മതക്കാരും തങ്ങളുടെ മതം മാത്രമാണ് മോക്ഷത്തിന്റേയും വിജയത്തിന്റേയും ഏകമാർഗമെന്ന് വിശ്വസിക്കാൻ പാടുള്ളതല്ല. കാരണം ആ വിശ്വാസമുള്ള ആർക്കും തന്നെ സഹോദര സമുദായങ്ങളെ ആത്മാർഥമായി സ്നേ

ഹിക്കാനോ ബഹുമാനിക്കാനോ സാധ്യമല്ലെന്ന് തീർച്ചയാണ്. "ഞങ്ങൾ മാത്രമാണ് സ്വർഗത്തിന്റെ അവകാശികളെന്നും മറ്റുള്ളവരൊക്കെ നരകപാപികളാണെന്നും അതിനാൽ അവരെ മുഴുവൻ മനസ്സുകൊണ്ടെങ്കിലും വെറുക്കൽ നിർബന്ധമാണെന്നും" വിശ്വസിക്കുന്ന മത സമുദായങ്ങൾ തമ്മിൽ ആത്മാർഥതയോടെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുക എന്നത് എങ്ങനെയാണ് പ്രായോഗികമാവുക? അപ്പോൾ ഭാരതത്തെപ്പോലെ വിവിധ മത സമുദായങ്ങളുള്ള രാജ്യങ്ങളിൽ സമുദായൈക്യവും സമുദായോദ്ഗ്രഥനവും പ്രായോഗികമാവണമെങ്കിൽ മതങ്ങളുടെ അടിസ്ഥാന സിദ്ധാന്തമായ സർവമത സത്യവാദത്തിൽ വിശ്വസിക്കുകയും ആ വിശ്വാസം സ്വസമുദായത്തിൽ പ്രചരിപ്പിക്കാൻ ഓരോ മതവിശ്വാസിയും ശ്രമിക്കുകയും വേണം. അഥവാ ഓരോ മതാനുയായിയും തങ്ങളുടെ മതത്തെപ്പറ്റി വിജയത്തിന്റേയും മോക്ഷത്തിന്റേയും ഒരു മാർഗമാണതെന്നല്ലാതെ അത് മാത്രമാണാ മാർഗമെന്നൊരിക്കലും അവകാശപ്പെടാൻ പാടില്ലാത്തതാണ്. അങ്ങനെ അവകാശപ്പെടുന്നവരുടെ മതമൈത്രിയും മതസൗഹാർദവുമൊക്കെ തികച്ചും കാപട്യമാണെന്നല്ലാതെ ബുദ്ധിയുള്ളവർക്ക് പറയാനൊക്കില്ല.

ആകയാൽ ഓരോ മതത്തിലേയും മതപരിഷ്കർത്താക്കൾ തങ്ങളുടെ മതത്തിലെ ദുരാചാരങ്ങളേയും അന്ധവിശ്വാസങ്ങളേയും പറ്റി പ്രമാണങ്ങൾ നിരത്തിവച്ചുകൊണ്ട് ഖണ്ഡിക്കുകയല്ലാതെ, ഇതര മതങ്ങളെ തള്ളിപ്പറയാനോ ആക്ഷേപിക്കാനോ ഒരുമ്പെടുന്നത് ന്യായമോ നീതിയോ അല്ല. സ്വമതത്തിലെ നിയമങ്ങൾ ഇതര മതക്കാരുടെമേൽ അടിച്ചേൽപ്പിക്കാൻ പാടില്ലാത്തതുമാണ്. അതേ പോലെ ഒരു മതവിഭാഗത്തിന്റെ ആചാരങ്ങൾ ഇതരർക്ക് ശല്യമായിത്തീരാതെയും പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. ഒരു കൂട്ടരുടെ മതസ്വാതന്ത്ര്യം മറ്റുള്ളവരുടെ ജീവിതസ്വാതന്ത്ര്യത്തെ തടസ്സപ്പെടുത്താനുള്ളതല്ല. ഭാരതത്തിൽ ഇന്ന് പടർന്നു പിടിച്ചിട്ടുള്ള വർഗവിദ്വേഷങ്ങൾക്കും പരസ്പരവൈരാഗ്യങ്ങൾക്കുമുള്ള അടിസ്ഥാന കാരണങ്ങളിലൊന്ന് മേൽപറഞ്ഞ രാജ്യവ്യാപകമായ ശല്യപ്പെടുത്തൽ പരിപാടിയാണെന്ന് തുറന്ന് പറയേണ്ടിയിരിക്കുന്നു. ആവശ്യത്തിലധികം പള്ളികളുണ്ടാക്കി സ്പീക്കറിലൂടെ അഞ്ച് നേരം ബാങ്ക് വിളിച്ചു ആബാലവൃദ്ധം അമുസ്ലിംകളെ എന്നെന്നും ശല്യപ്പെടുത്താൻ മറുഭാഗവും ശ്രമിക്കാതിരിക്കില്ല. ഇരുകൂട്ടരുടേയും ശല്യപ്പെടുത്തൽമൂലം പരസ്പരം വെറുപ്പും വിദ്വേഷവും വർധിക്കുകയും ചെയ്യും. അങ്ങനെ വർധിച്ചുവരുമ്പോൾ പുതിയ പുതിയ പരിപാടികൾ ആസൂത്രണം ചെയ്യാൻ ഇരുകൂട്ടരും നിർബന്ധിതരാകും. അവസാനം അത് സംഘർഷത്തിലും സംഘട്ടനത്തിലുമാണെത്തിച്ചേരുക. ഭാരതത്തിൽ പലപ്പോഴും നടന്നതും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതുമായ മിക്ക കുഴപ്പങ്ങളുടേയും അടിസ്ഥാന കാരണങ്ങളിതൊക്കെയാണ്. അതിനിയും വർധിക്കാനുള്ള സാധ്യതകളാണ് നിലവിലുള്ളത്. അതിനാൽ ബുദ്ധിയുള്ള മതനേതാക്കളെല്ലാം മതത്തിന്റെ സഹിഷ്ണുതയും വിശാലവീക്ഷണവും മതത്തിന്റെ യഥാർഥ ലക്ഷ്യവുമിന്നപ്രകാരമൊക്കെയാണെന്ന് സ്വസമുദായങ്ങളെ പറഞ്ഞു മനസ്സിലാക്കിക്കൊടുക്കേണ്ട വളരെ അത്യാവശ്യമായ സന്ദർഭമാണിത്. മതത്തിന്റെ സനാതന തത്വങ്ങളിലേക്കും അടിസ്ഥാന സിദ്ധാന്തങ്ങളിലേക്കും മത സമുദായങ്ങളെ നയിച്ചുകൊണ്ടുവരാൻ മതനേതാക്കൾ ഇനിയും അമാന്തം കാട്ടുന്നപക്ഷം ഇവിടെ മതമോ മതനേതാക്കളോ മതസമൂഹം തന്നെയോ നിലനിൽക്കുമെന്നാരും പ്രതീക്ഷിക്കേണ്ടതില്ല. അത്രയ്ക്കും രാക്ഷസീയമായ മതഭ്രാന്താണിവിടെ രാജ്യമൊട്ടാകെ ആഞ്ഞടിച്ചുകൊണ്ടിരിക്കുന്നത്. ഈ മതഭ്രാന്തു മൂലം ഇവിടത്തെ ന്യൂനപക്ഷം മാത്രമല്ല; ഭൂരിപക്ഷവും തകരാൻ പോവുകയാണ്. അതിനാൽ ഓരോ മതപണ്ഡിതനും തങ്ങളുടെ മതപ്രമാണത്തിലെ ആവശ്യമായ ഭാഗം ഇപ്പോൾ വിളംബരം



ചെയ്യേണ്ടിയിരിക്കുന്നു. എങ്കിലേ മതഭ്രാന്തിൽനിന്ന് മനുഷ്യത്വത്തിലേക്കും മതവികാരത്തിൽനിന്ന് മതവിചാരത്തിലേക്കും സമുദായങ്ങളെ നയിക്കാനാർക്കും കഴിയൂ. മതത്തിനുവേണ്ടി ആരും മരിക്കേണ്ടതില്ലെന്നും മതം മനുഷ്യനെ ജീവിപ്പിക്കാനുള്ളതാണെന്നുമുള്ള യാഥാർഥ്യത്തെപ്പറ്റി മതസമുദായങ്ങളെ ബോധവൽക്കരിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. മതത്തിന് വേണ്ടി മരിച്ചാൽ മോക്ഷം ഉറപ്പായെന്നാണ് മിക്ക മതവിശ്വാസികളുടേയും ധാരണ. ആ ധാരണ ശരിയല്ലെന്നും മതത്തിന് വേണ്ടി മരിക്കേണ്ടിവരുമെന്ന ഘട്ടമെത്തിയപ്പോൾ പ്രവാചകൻമാരോട് പോലും നാടുവിട്ടോടിപ്പോവാനാണ് ദൈവം കല്പിച്ചതെന്നും ഖുർആൻ പലതവണ വ്യക്തമാക്കിയതാണ്. അങ്ങനെ ഓടിപ്പോവാൻ; അഥവാ പലായനം ചെയ്യാൻ സാധ്യമല്ലെങ്കിൽ ആദർശങ്ങളിൽ വിട്ടുവീഴ്ച ചെയ്തും ക്ഷമയവലംബിച്ചും ഒത്തൊരുമിച്ചുജീവിക്കാൻ ശ്രമിക്കണമെന്നാണ് 3:28, 3:200, 16:106 മുതലായ സൂക്തങ്ങളിലൂടെ ഖുർആൻ നിർദേശിക്കുന്നതെന്ന് നമ്മളെല്ലാം അറിഞ്ഞിരിക്കുന്നത് നന്ന്.

## സർവമതസത്യവാദം ഖുർആനിൽ

ലോകത്ത് ഏറ്റവുമധികം മതങ്ങളുള്ള മഹാരാജ്യമാണല്ലോ നമ്മുടെ ഭാരതം. 10ലേറെ മതങ്ങളും 100ലേറെ മതഗ്രൂപ്പുകളും 200ഓളം ഭാഷകളും ആയിരത്തിലധികം ജാതികളും ഉള്ള മറ്റൊരു രാജ്യവും ലോകത്തില്ല. വിവിധ ഭാഷകളും പലവിധ ഭൂപ്രകൃതികളും വ്യത്യസ്ത കാലാവസ്ഥകളും വിഭിന്ന ജീവിതരീതികളും നാനാതരം പാരമ്പര്യങ്ങളുമാണ് ഇത്രയേറെ മതങ്ങളും ജാതികളും ഇവിടെ ഉടലെടുക്കാൻ കാരണമായത്. മേൽ ചൂണ്ടിക്കാട്ടിയ വൈവിധ്യങ്ങൾ മൂലമാണ് ഒരേ ഒരു രാജ്യമായിരുന്ന ഇന്ത്യയെ കണ്ടംതുണ്ടമാക്കി 300ലേറെ നാട്ടുരാജാക്കൻമാർ ഒരു കാലത്ത് ഭിന്നിച്ച് ഭരിച്ചിരുന്നതും. ആ 300 നാട്ടുരാജ്യങ്ങൾക്ക് പകരം ഭാരതം ഇന്ന് മൂന്ന് രാജ്യം (ഇന്ത്യ, പാകിസ്ഥാൻ, ബംഗ്ലാദേശ്) ആയിട്ടെങ്കിലും ചുരുങ്ങിക്കിട്ടി. അഥവാ 300 ഭരണകൂടത്തിന് പകരം മൂന്ന് ഭരണകൂടമായെന്ന ആശ്വാസം ലഭിച്ചു. അതേപോലെ 1000 ജാതികൾക്ക് പകരം 100 ജാതികളായും 100 മതഗ്രൂപ്പുകൾക്ക് പകരം 10 ഗ്രൂപ്പുകളെങ്കിലുമായും ചുരുങ്ങിക്കിട്ടിയെങ്കിൽ നന്നായേനെയെന്നാണ് നമ്മുടെയെല്ലാം ആഗ്രഹം. ഇസ്‌ലാം എന്ന ഒറ്റ മതത്തിന്റെ പേരിൽ തന്നെ 25ഓളം ഗ്രൂപ്പുകൾ ഇന്ന് ഇന്ത്യയിലുണ്ട്. ക്രിസ്തുമതത്തിൽ അതിലേറെയുണ്ട്. ഹിന്ദുമതത്തിലും ഒട്ടും കുറവല്ല. എന്നാൽ എല്ലാ മതങ്ങൾക്കും പകരം ഒരു മതം മാത്രം മതിയെന്നോ എല്ലാ സമുദായങ്ങൾക്കും പകരം ഒരു സമുദായം മാത്രമാകണമെന്നോ ആരും വ്യാമോഹിക്കേണ്ടതില്ല. അത് നടപ്പുള്ള കാര്യവുമല്ല. ഒരു ലക്ഷത്തിലേറെ പ്രവാചകൻമാർ വന്നിട്ടും അവരിൽ ആരുടേയും ലക്ഷ്യം അതായിരുന്നില്ല. അത് കൊണ്ടാണ് ബുദ്ധിയുള്ള മതനേതാക്കളൊക്കെ, ഏകമതമെന്ന മുദ്രാവാക്യത്തിന് പകരം സർവമതൈക്യമെന്ന സന്ദേശം മാത്രം അനുയായികളെ പഠിപ്പിക്കാൻ കാരണമായത്.

എന്നാൽ വി: ഖുർആൻ ഒരു പടികൂടി മുന്നോട്ടുപോയതായി നമുക്ക് കാണാൻ കഴിയും. അതായത്, സർവമത ഐക്യത്തിന് പുറമെ സർവമത സത്യവാദവും അതിന്റെ അനുയായികളെ ഖുർആൻ പഠിപ്പിക്കുന്നു. പക്ഷേ, 1400 വർഷം കഴിഞ്ഞിട്ടും ഖുർആനിലെ ഏറ്റവും മഹത്തായ ആ സന്ദേശം നമുക്ക് പഠിഞ്ഞില്ലെന്ന് മാത്രം. നമ്മെ ആരും പഠിപ്പിച്ചതുമില്ല.

*(അവസാനിക്കുന്നില്ല)*

**ഓരോ മതത്തിലെയും പുരോഹിതൻമാർ ഇതര മതക്കാരെ പിഴച്ചവരും പാപികളുമായി കണക്കാക്കിയതിനാലും സ്വസമുദായത്തെ അപ്രകാരം വിശ്വസിപ്പിച്ചതിനാലുമാണ് സമുദായങ്ങൾ തമ്മിൽ അകന്നുപോകാൻ കാരണമായിത്തീർന്നത്. വാസ്തവത്തിൽ എല്ലാ മതങ്ങളുടെയും ലക്ഷ്യം മനുഷ്യനെ നന്നാക്കലാണെന്നും മതമേതായാലും മനുഷ്യൻ നന്നായാൽ മതി എന്നുമുള്ള മതത്തിന്റെ അടിസ്ഥാനത്തിൽ വിശ്വസിക്കുന്നവരാരും തന്നെ ഇതര മതങ്ങളെ പുച്ഛിക്കാനോ തള്ളിപ്പറയാനോ തയ്യാറാവില്ല. ഏതൊരു മതക്കാരും തങ്ങളുടെ മതം മാത്രമാണ് മോക്ഷത്തിന്റെയും വിജയത്തിന്റെയും ഏക മാർഗമെന്ന് വിശ്വസിക്കാൻ പാടുള്ളതല്ല. കാരണം ആ വിശ്വാസമുള്ള ആർക്കും സഹോദര സമുദായങ്ങളെ ആത്മാർഥമായിസ്നേഹിക്കാനോ ബഹുമാനിക്കാനോ സാധ്യമല്ലെന്ന് തീർച്ചയാണ്.**

## പുല്ലങ്ങോട്ട് ആലി നിര്യാതനായി



ഖുർആൻ സുന്നത്ത് സൊസൈറ്റി കോഴിക്കോട് ജില്ലാ പ്രവർത്തക സമിതി അംഗം പി. ആലി (പുല്ലങ്ങോട്ട് ആലി-49) അന്തരിച്ചു. ഇലക്ട്രീഷ്യനായ ആലി ഡിസംബർ 13 ന് മാങ്കാവ് തളിക്കുളങ്ങരയിലെ വീട്ടിലാണ് നിര്യാതനായത്. പ്രമുഖ സാമൂഹിക പ്രവർത്തക ജമീലാ മാങ്കാവാണ് പത്നി. മക്കൾ: റഷീദ് അലി, റംഷീദ, ജംഷിദ്. മരുമക്കൾ: ഫെമിന, നവാസ്.

ആലിയുടെ അകാല വിയോഗത്തിൽ കെ.എസ്.എസ്. ജില്ലാ കമ്മിറ്റി അനുശോചിച്ചു. പ്രസിഡന്റ് മൻസൂർ ചെറുവണ്ണൂർ ആധ്യക്ഷ്യം വഹിച്ചു. ബി.വി. സക്കീർ, പി.ടി. ഖാലിദ്, സി.പി. അസീസ്, എൻ. ഗോപിനാഥൻ എന്നിവർ സംസാരിച്ചു.

## അറിയിപ്പ്

ഖുർആൻ സുന്നത്ത് സൊസൈറ്റി പ്രവർത്തക സമിതിയുടെ കാലാവധി രണ്ടു വർഷമാണ്. എന്നാൽ ചില യൂണിറ്റ് കമ്മിറ്റികളും ഏരിയാ കമ്മിറ്റികളും കാലാവധി കഴിഞ്ഞിട്ടും തുടരുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. പ്രസ്തുത കമ്മിറ്റികൾ എത്രയും പെട്ടെന്ന് തിരഞ്ഞെടുപ്പ് നടത്തി പുതിയ ഭാരവാഹികളുടെ ലിസ്റ്റ് മേൽക്കമ്മിറ്റിക്ക് കൈമാറേണ്ടതാണ്.

സെക്രട്ടറി
കെ.എസ്.എസ്. കേന്ദ്ര കമ്മിറ്റി

## വണ്ടൂർ ഏരിയാ കമ്മിറ്റിക്ക് പുതിയ സാരഥികൾ

ഖുർആൻ സുന്നത്ത് സൊസൈറ്റി വണ്ടൂർ ഏരിയാ കമ്മിറ്റി പ്രസിഡന്റായി നാണി പൂക്കോട്ടുംപാടത്തെയും സെക്രട്ടറിയായി മുഹമ്മദ് അയനിക്കോടിനെയും ട്രഷററായി സി.കെ. സുലൈമാനെയും തിരഞ്ഞെടുത്തു. മറ്റു ഭാരവാഹികൾ: അബ്ദു വെള്ളേങ്ങര, ഉമ്മർ കാളികാവ്, (വൈസ് പ്രസിഡന്റുമാർ), യസീദ് ചെമ്പ്രശ്ശേരി, സജീവ് ബാബു പൊറ്റങ്ങോടൻ (ജോയിന്റ് സെക്രട്ടറിമാർ).

വണ്ടൂർ സീയെന്ന ഓഡിറ്റോറിയത്തിൽ ചേർന്ന യോഗത്തിൽ സലാം വണ്ടൂർ അധ്യക്ഷത വഹിച്ചു. സൊസൈറ്റിയുടെ ആശയാദർശങ്ങളെക്കുറിച്ച് സംസ്ഥാന ജനറൽ സെക്രട്ടറി മുതൂർ അബൂബക്കർ വിശദീകരിച്ചു. സംസ്ഥാന സെക്രട്ടറി ബി.വി. സക്കീർ, മലപ്പുറം ജില്ലാ സെക്രട്ടറി സി.എം.എ. സലാം തുടങ്ങിയവർ സംസാരിച്ചു.

സജീവ് ബാബു പൊറ്റങ്ങോടൻ സ്വാഗതവും അബ്ദു വെള്ളേങ്ങര നന്ദിയും പറഞ്ഞു.

## മൗലവി ചേകനൂരിന്റെ പുസ്തകങ്ങൾ സംഭാവന ചെയ്തു

മൗലവി ചേകനൂരിന്റെ ഗ്രന്ഥങ്ങൾ കെ.എസ്.എസ് കോഴിക്കോട് ജില്ലാ കമ്മിറ്റി പെരുമണ്ണ ഗ്രാമീണ വായനശാലയ്ക്ക് സംഭാവന ചെയ്തു. ലൈബ്രറി ഭാരവാഹികൾ ജില്ലാ സെക്രട്ടറി പി.ടി ഖാലിദിൽ നിന്ന് പുസ്തകങ്ങൾ ഏറ്റുവാങ്ങി. മുഹമ്മദ് കുട്ടി മോങ്ങം, പി.ടി. ഖാലിദ് എന്നിവരുടെ ശേഖരത്തിൽ നിന്നുള്ള ഗ്രന്ഥങ്ങളാണ് കൈമാറിയത്.

Printed & Published by K.K. Salim Haji @ Guru Offset & Graphics, Clt-4, for Khur-aan Sunnath Society (K.S.S.) Central Committee, Moulavi Chekanoor Memorial Building, Kozhikode-16. Chief Editor: Mudur Aboobacker.
**INTERNAL CIRCULATION ONLY.**

## കെ.എസ്.എസ് കോഴിക്കോട് ജില്ലാ ഭാരവാഹികൾ



*മൻസൂർ ചെറുവണ്ണൂർ*
*പ്രസിഡന്റ്*



*പി.ടി. ഖാലിദ്*
*സെക്രട്ടറി*



*ബി.വി. സക്കീർ*
*ട്രഷറർ*

ഖുർആൻ സുന്നത്ത് സൊസൈറ്റി കോഴിക്കോട് ജില്ലാ കമ്മിറ്റി വാർഷിക ജനറൽ ബോഡി യോഗം പ്രസിഡന്റ് ബി.വി. സക്കീറിന്റെ അധ്യക്ഷതയിൽ ചേർന്ന് പുതിയ ഭാരവാഹികളായി താഴെ പറയുന്നവരെ തിരഞ്ഞെടുത്തു.

മൻസൂർ ചെറുവണ്ണൂർ (പ്രസിഡന്റ്), സി.പി അസീസ് മാങ്കാവ്, ലുഖ്മാൻ അൽ ഹക്കീം (വൈസ് പ്രസിഡന്റുമാർ), പി.ടി. ഖാലിദ് (സെക്രട്ടറി), സുലൈമാൻ നല്ലളം, കെ.പി. ബീരാൻ കുണ്ടുങ്ങൽ (ജോ. സെക്രട്ടറിമാർ), ബി.വി. സക്കീർ (ട്രഷറർ).

സംസ്ഥാന ജനറൽ സെക്രട്ടറി മുതൂർ അബൂബക്കർ തിരഞ്ഞെടുപ്പ് നടപടികൾ നിയന്ത്രിച്ചു.

## എം. ബാവ മൂപ്പൻ മലപ്പുറം ജില്ലാ പ്രസിഡന്റ്



*എം. ബാവ മൂപ്പൻ*
*പ്രസിഡന്റ്*



*സി.എം.എ. സലാം*
*സെക്രട്ടറി*



*കെ.എം. അബ്ദുൽ ജബ്ബാർ*
*ട്രഷറർ*

ഖുർആൻ സുന്നത്ത് സൊസൈറ്റി മലപ്പുറം ജില്ലാ കമ്മിറ്റി പുനഃസംഘടിപ്പിച്ചു. തിരൂർ ക്ലാസിക് ലോഡ്ജിൽ ചേർന്ന യോഗത്തിൽ സംസ്ഥാന പ്രസിഡന്റ് കെ.കെ. സാലിം ഹാജി അധ്യക്ഷത വഹിച്ചു. ഭാരവാഹികൾ: എം. ബാവ മൂപ്പൻ (പ്രസിഡന്റ്), കുഞ്ഞിമൊയ്തീൻ പുത്തൂർ പള്ളിക്കൽ, ബീരാൻകുട്ടി കുനിയിൽ (വൈസ് പ്രസിഡന്റുമാർ), സി.എം.എ സലാം (സെക്രട്ടറി), പി.സി. അബ്ദുൽ സലാം, മൊയ്തീൻകുട്ടി ചെമ്പ്ര (ജോയിന്റ് സെക്രട്ടറിമാർ), കെ.എം. അബ്ദുൽ ജബ്ബാർ (ട്രഷറർ).

സംസ്ഥാന ജനറൽ സെക്രട്ടറി മുതൂർ അബൂബക്കർ, കെ. ശാഹുൽ ഹമീദ്, സലാം തിരൂർ തുടങ്ങിയവർ സംസാരിച്ചു.

## ഐ.ആർ.പി.സി: ഡോ. അബ്ദുൽ ജലീൽ പുറ്റെക്കാട് ചെയർമാൻ



ഇസ്‌ലാമിക് റിസേർച്ച് & പ്രൊപ്പഗേഷൻ സെന്റർ (ഐ.ആർ. പി.സി) എന്ന പേരിൽ ഖുർആൻ സുന്നത്ത് സൊസൈറ്റിക്ക് മൾട്ടി മീഡിയാ പബ്ലിസിറ്റി വിങ്ങ് രൂപീകരിച്ചു. ഡിസംബർ നാലിന് കോഴിക്കോട് എൻ.ടി.എ കോംപ്ലക്സിൽ പ്രസിഡന്റ് കെ.കെ. സാലിം ഹാജിയുടെ അധ്യക്ഷതയിൽ ചേർന്ന കെ.എസ്.എസ് കേന്ദ്ര പ്രവർത്തക സമിതി യോഗം ഐ.ആർ.പി.സി. ചെയർമാനായി ഡോ. അബ്ദുൽ ജലീൽ പുറ്റെക്കാടിനേയും അംഗങ്ങളായി അബ്ദു വെള്ളേങ്ങര, കെ.എം. അബ്ദുൽ ജബ്ബാർ, ബി.വി. സക്കീർ എന്നിവരേയും തിരഞ്ഞെടുത്തു.

# സ്വിറ്റ്സർലൻഡിൽ ബാങ്ക് വിളിക്കും പള്ളിമിനാരങ്ങൾക്കും നിരോധനം



സ്വിറ്റ്സർലൻഡിൽ മസ്ജിദുകളിൽ ബാങ്ക് വിളിക്ക് നിരോധനമേർപ്പെടുത്തി. യു.എന്നിന്റെ മനുഷ്യാവകാശ സംഘടന ഇതിനെതിരെ രംഗത്തു വന്നു. 70 ലക്ഷം ജനസംഖ്യയുള്ള സ്വിറ്റ്സർലൻഡിൽ മൂന്ന് ലക്ഷം മുസ്ലിംകളാണുള്ളത്.

പുതിയ പള്ളിമിനാരങ്ങൾ നിർമിക്കുന്നതിന് വിലക്കേർപ്പെടുത്താൻ ഇവിടെ ഹിതപരിശോധനയും നടത്തി. 57% വോട്ടർമാർ മിനാരനിരോധനത്തിന് പിന്തുണ നൽകി. ഹിതപരിശോധനയിൽ ഭൂരിപക്ഷ പിന്തുണ കിട്ടിയതിനാൽ പുതിയ മിനാരങ്ങൾ പാടില്ലെന്ന് സർക്കാർ ഉത്തരവിറക്കി.

സഹോദരസമുദായങ്ങൾക്ക് ശല്യം സൃഷ്ടിക്കുന്നതും അവരുടെ ഉറക്കം കെടുത്തുന്നതുമായതിനാൽ നമ്മുടെ നാട്ടിലും ഉച്ചഭാഷിണി ഉപയോഗിച്ചുള്ള ബാങ്ക് വിളി കോടതി നിരോധിച്ചതാണ്. എന്നാൽ കോടതി വിധികൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ട പൊലീസോ സർക്കാരോ ഒരിടത്തുപോലും ആ ഉത്തരവ് നടപ്പാക്കാൻ ശ്രമിച്ചിട്ടില്ല. ഇന്ന് നിലവിലുള്ള ബാങ്ക് വിളി പ്രവാചകന്റെ കാലത്ത് ഇതേ രൂപത്തിലും വാചകഘടനയിലും ഉണ്ടായിരുന്നില്ലെന്നും ബാങ്ക് വിളിയിൽ ഏഴ് തെറ്റുകൾ ഉണ്ടെന്നും ഈ'ശല്യപ്പെടുത്തൽ വിളി' നിർത്തണമെന്നും വളരെ മുമ്പു തന്നെ മൗലവി ചേകനൂർ അഭിപ്രായപ്പെട്ടിട്ടുണ്ട്. 'ഖുർആൻ വിരുദ്ധ ബാങ്കും ജമാഅത്തും' എന്നൊരു ഗ്രന്ഥം തന്നെ അദ്ദേഹം രചിച്ചു.